ലോക കേരള സഭ

കേരള സർക്കാർ

# ലോക കേരള സഭ 2024

## നാലാം സമ്മേളനം

2024 ജൂൺ 14, 15

നിയമസഭാ മന്ദിരം, തിരുവനന്തപുരം

**സമീപന രേഖ**

## ലോക കേരള സഭ – നാലാം സമ്മേളനം – സമീപന രേഖ

### ആമുഖം

"സൂര്യനസ്തമിക്കാത്ത കേരളം' എന്ന് അഭിമാനത്തോടെയും പരിഹാസത്തോടെയും പലരും ഉപയോഗിച്ചുവന്ന പ്രയോഗം ഇന്നു കേരളം ലോകകേരളമായി രൂപാന്തരം പ്രാപിച്ചപ്പോൾ അർത്ഥവത്തായിരിക്കുകയാണ്. ഭൂപ്രദേശപരമായ പരിധികളെയും പരിമിതികളെയും അതിജീവിച്ച് അക്ഷരാർത്ഥത്തിൽ കേരളം ലോകകേരളമായി മാറി എന്ന തിരിച്ചറിവാണ് 'ലോക കേരള സഭയ്ക്ക്' രൂപം നൽകാൻ സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്.

കേരളം ലോകമെമ്പാടും പടർന്നു പന്തലിച്ചു വളരുന്ന ഒരു സംസ്കാരമാണ് എന്ന യാഥാർഥ്യത്തെ നാം പൂർണ്ണ മനസ്സോടെ അംഗീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിനു പുറത്തുള്ള കേരളം, സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്കും സാമൂഹ്യപുരോഗതിക്കും സാംസ്കാരിക ഉന്നമനത്തിനും നൽകുന്ന സംഭാവനയെ ആർക്കാണ് വിസ്മരിക്കാനാവുക. അതുപോലെ ലോകത്തിന്റെ ഏതു പ്രദേശത്തുപോയി വസിച്ചാലും സ്വന്തം നാടിനെയും കേരളം എന്ന മേൽവിലാസത്തെയും ഒരു മലയാളിക്കും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്കും മറക്കാനാവില്ല.

ഇത്തരത്തിൽ ലോക വ്യാപകമായ പ്രവാസിസമൂഹത്തിന്റെ പ്രാതിനിധ്യത്തിന്റെയും ജനാധിപത്യ അവകാശങ്ങളുടെയും പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് ലോക കേരള സഭയ്ക്ക് രൂപം നൽകിയത്. ലോക കേരള സഭ പ്രവാസി പ്രാതിനിധ്യത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിനുള്ള ആദ്യ ചുവടു മാത്രമാണ്. നിയമസഭയിലും പാർലമെന്റിലും പ്രവാസി സമൂഹത്തിന്റെ പ്രതിനിധികൾ ഉണ്ടാവുകയും പൂർണ്ണ പ്രാതിനിധ്യം ഉറപ്പാക്കുകയും വേണം. പ്രവാസികളുടെ പങ്കാളിത്തം കേവലം പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഒതുങ്ങുന്നതല്ല. സ്വന്തം നാടിന്റെയും സംസ്കാരത്തിന്റെയും മുന്നോട്ടുള്ള പ്രയാണത്തിൽ പൗരന്മാരെന്ന നിലയിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നതിനു വലിയ പ്രാധാന്യമുണ്ട്. നാടിന്റെ പൊതുകാര്യങ്ങൾ നിശ്ചയിക്കുന്ന എല്ലാ പ്രധാന വേദികളിലും പ്രവാസികളുടെ പങ്കാളിത്തം ഉണ്ടാവണം.

ഏറെ ജനാധിപത്യവൽക്കരിക്കപ്പെട്ട സമൂഹമാണ് കേരളം. പക്ഷെ കേരളത്തിൽ ജനാധിപത്യത്തിന്റെ ന്യൂനത അനുഭവപ്പെടുന്നതും ജനാധിപത്യവൽക്കരണ പ്രക്രിയയെ ഏറെ മുന്നോട്ടു കൊണ്ടുപോകേണ്ടതുമായ ഒരു രംഗമാണ് പ്രവാസികളുടെ ഭരണ – അധികാര പങ്കാളിത്തം. ഈ കുറവ് പരിഹരിക്കുക എന്നതാണ് ലോക കേരള സഭ കൊണ്ട് ലക്ഷ്യമിടുന്നത്.

മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള മലയാളികളുടെ പ്രതിനിധികൾ, സംസ്ഥാനത്തെ ജനപ്രതിനിധികൾക്കൊപ്പം കേരളത്തിന്റെയും പ്രവാസികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഒരുമിച്ചുചേരുന്ന വേദിയാണ് ലോക കേരള സഭ. കേരള വികസനത്തിന് ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും പ്രവാസികളുടെ വിഷയങ്ങൾ മുഖ്യശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ആധുനിക ജനാധിപത്യ വേദിയാണിത്.

കേരളത്തിലെ ജനപ്രതിനിധികൾക്കൊപ്പം പുറം കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രവാസി പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഒരു ഘടനയാണ് സഭയ്ക്കുള്ളത്. ജനാധിപത്യത്തിന്റെ പുനഃക്രമീകരണങ്ങൾ കൂടുതൽ പങ്കാളിത്തപരവും സുതാര്യതയും ഉറപ്പ് നൽകുന്ന എന്ന സന്ദേശമാണ് ഇതിലൂടെ ലക്ഷ്യം വെച്ചത്. ഗൗരവമേറിയ ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള വേദി കൂടിയാണ് പ്രസ്തുത സഭ. സമ്മേളനത്തിനൊടുവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും മൂർത്തവുമായ ഉപദേശ-നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് പ്രധാന കർത്തവ്യം. (ഒരു സമ്മേളനമെന്നതിലുപരി ഒരു ലോക കേരള പാർലമെന്റ് എന്ന നിലയിലാവണം ഓ രോ കേരളീയനും ലോക കേരള സഭയെ സമീപിക്കേണ്ടത്) പ്രവാസി മലയാളികളും കേരളവും തമ്മിലുള്ള സഹകരണത്തിന്റെയും സാമൂഹിക സാംസ്കാരിക വിനിമയത്തിന്റെയും വേദി കൂടിയാണ് ലോക കേരള സഭ. മലയാള ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ പുരോഗതിയിൽ സഭയ്ക്ക് വലിയ സംഭാവന നൽകാൻ കഴിയും.

കഴിഞ്ഞ മൂന്ന് സഭകളിലും പ്രവാസികൾക്ക് അവരുടെ ആശയങ്ങളും നിർദ്ദേശങ്ങളും കേരളത്തിലെ ജനപ്രതിനിധികളോടും സർക്കാരിനോടും ചർച്ച ചെയ്യുവാൻ സാധിക്കുകയും അത്തരം നിർദ്ദേശങ്ങൾ കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനുതകുന്ന രീതിയിലേക്ക് വികസിപ്പിക്കുവാനും സാധിക്കുന്നു എന്നതാണ് ലോക കേരള സഭയുടെ പ്രധാന നേട്ടം. കൂടാതെ ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും സഭയ്ക്ക് സാധിച്ചു. കൂടുതൽ പ്രവാസികൾക്ക് അകം കേരളവുമായി ഇടപഴകാനും സംവദിക്കുവാനുമായി സംഘടിപ്പിച്ച മേഖലാ സമ്മേളനങ്ങൾ മലയാളികളുടെ വൈവിധ്യമാർന്ന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ സംഘടിപ്പിച്ച യൂറോപ്പ്, അമേരിക്കൻ മേഖലാ സമ്മേളനങ്ങൾ ഇത്തരത്തിലുള്ളവ ആയിരുന്നു. ഈ രണ്ടു മേഖലകളിൽ നിന്നും നാലാം ലോക കേരള സഭയിലേക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണത്തിൽ പതിന്മടങ്ങ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

നാലാം സഭയിലേക്ക് എത്തിനിൽക്കുമ്പോൾ ലോക മലയാളിയുടെ പ്രാതിനിധ്യം 100 രാജ്യങ്ങൾ കടന്നിരിക്കുന്നു. കഴിഞ്ഞ ആറു വർഷങ്ങൾ കൊണ്ട് 35 ൽ നിന്ന് 100 ലേക്ക് വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചു. കൂടാതെ 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും നാലാം ലോക കേരള സഭയിൽ പങ്കെടുക്കും. ലാറ്റിൻ അമേരിക്കൻ രാജ്യമായ ബ്രസീലിൽ നിന്നും ആഫ്രിക്കയിലെ ചെറിയ ദ്വീപ് രാഷ്ട്രമായ കൊമോറോസ് ദ്വീപിൽ നിന്നും കരീബിയൻ ദ്വീപുകളിൽ നിന്നുമൊക്കെ മലയാളി പ്രാതിനിധ്യം സഭയിലുണ്ട്. ആഫ്രിക്കൻ വൻകരയിലെ 30 രാജ്യങ്ങളിൽ നിന്ന് മലയാളി പ്രതിനിധികൾ പങ്കെടുക്കുന്നു എന്നത് വളർന്നുവരുന്ന ആഫ്രിക്കൻ കുടിയേറ്റത്തിനെ സംസ്ഥാനം പ്രാധാന്യത്തോടെ കാണുന്നു എന്നതിന്റെ സൂചകമാണ്.

സഭയിലെ പങ്കാളിത്തം കൂടുതൽ വൈവിധ്യവൽക്കരിക്കാൻ ഇത്തവണ കഴിഞ്ഞിട്ടുണ്ട്. അവിദഗ്ധ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, കെയർ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ, നിർമ്മാണ തൊഴിലാളികൾ, ഐ ടി പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, യുവ സംരംഭകർ, എഴുത്തുകാർ, വ്യവസായികൾ, അന്താരാഷ്ട്ര സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങി ലോകമലയാളിയുടെ ഒരു പരിച്ഛേദമായിരിക്കും നാലാം ലോക കേരള സഭ.

ലോക കേരള സഭ പലപ്പോഴും വിമർശന വിധേയമാകുന്നത് നടപ്പിലാക്കിയ നിർദ്ദേശങ്ങളുടെ എണ്ണത്തിന്റെ പേരിലാണ്. വളരെ ബാലിശമായ ഒന്നാണത്. സഭ ലോകമലയാളി സമൂഹത്തിൽ ഉണ്ടാക്കിയ സ്വാധീനം പലപ്പോഴും ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. പ്രവാസികളും അകംകേരളവും തമ്മിലുള്ള ഇടപെടലുകൾ ക്രിയാത്മകമാക്കാൻ ലോക കേരള സഭയ്ക്ക് സാധിച്ചിട്ടുണ്ട്. പ്രളയസമയത്ത് പ്രവാസികൾ നടത്തിയ ഇടപെടലുകൾ, കോവിഡ് മഹാമാരിയുടെ കാലത്ത് 14 രാജ്യങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ അടക്കം തുടങ്ങി പ്രവാസി സംഘടനകളും സർക്കാരും തമ്മിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം, നോർക്കയുടെ പദ്ധതികളിൽ ഉണ്ടായ വർദ്ധിച്ച പങ്കാളിത്തം എന്നിവ ചില സൂചകങ്ങളാണ്.

കോവിഡ് മഹാമാരിയുടെ സമയത്ത് കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്റേഴ്സ്, ഓ ക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്നു ലോക കേരള സഭാംഗങ്ങളും പ്രവാസി മലയാളികളും കേരളത്തിന് നൽകിയിരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ അനിശ്ചിതത്വത്തിനു പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "വിദ്യാകിരണം' പ്രോജക്ടിന്റെ അത്ഭുതപൂർവ്വമായ വിജയത്തിന് ലോക കേരള സഭാംഗങ്ങളുടെ സേവനം അഭിനന്ദനാർഹമായിരുന്നു. റഷ്യ–ഉക്രൈൻ യുദ്ധസമയത്ത് വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ലോക കേരള സഭാംഗങ്ങളുടെ പ്രയത്നം പ്രശംസനീയമായിരുന്നു. പ്രവാസി മലയാളിയും അകം കേരളവും തമ്മിലുള്ള അകലം പരമാവധി കുറയ്ക്കുവാൻ സഭയുടെ രൂപീകരണവും ഇടപെടലുകളും കാരണം സാധിച്ചിട്ടുണ്ട്.

ഡയസ്പോറ എൻഗേജ്മെന്റ് എന്ന പേരിൽ ആഗോളതലത്തിൽ മിക്ക രാഷ്ട്രങ്ങളും നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ് ലോക കേരള സഭ. പ്രവാസ വിഷയങ്ങളിൽ അധികാരം തുലോം തുച്ഛമായ ഒരു സംസ്ഥാനം മുന്നോട്ട് വച്ച ആശയം എന്ന നിലയ്ക്ക് പരിമിതികൾക്കുള്ളിൽ നിന്നാണ് സഭയ്ക്ക് പ്രവർത്തിക്കേണ്ടി വരുന്നത്. ദേശീയ സർക്കാരിന്റെ ഡയസ്പോറ എൻഗേജ്മെന്റ് പദ്ധതികളിൽ പ്രധാനമായ പ്രവാസി ഭാരതീയ ദിവസ്സിൽ നിന്നൊക്കെ വ്യത്യസ്തമാണ് ലോക കേരള സഭ മുന്നോട്ടു വയ്ക്കുന്ന പ്രവാസിക്ക് ഭരണ പ്രതിനിധ്യമെന്ന ആശയം. പ്രവാസി ഭാരതീയ ദിവസ് പോലെയുള്ള സമ്മേളനങ്ങൾ ലോകത്ത് പല രാജ്യങ്ങളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളായ ഗുജറാത്ത്, പഞ്ചാബ്, തമിഴ്നാട്, ആന്ധ്രാ പ്രദേശ് തുടങ്ങിയവയും വർഷംതോറും അവരുടെ പ്രവാസികൾക്കായി സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇതിൽ പലതും സർക്കാർ നേതൃത്വത്തിലുമാണ് സംഘടിപ്പിക്കുന്നത്. പക്ഷെ, ഇത്തരം പരിപാടികൾ ഒരു ഒത്തുകൂടലിന്റെ തലത്തിൽ മാത്രം ഒതുങ്ങുന്നവയാണ്. അവാർഡ് ദാനവും കലാപരിപാടികളും നിക്ഷേപക സാധ്യതകളുടെ ചർച്ചയുമാണ് ഇത്തരം സമ്മേളനങ്ങളിലെ പതിവ് അജണ്ടകൾ. പ്രവാസികളോടുള്ള കേരള സംസ്ഥാനത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുക എന്ന കടമയാണ് ഏറ്റവും പ്രധാനമായി ലോക കേരള സഭയിലൂടെ നടപ്പാകുന്നത്.

**മൂന്നാം ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾ**

ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ 648 ശുപാർശകൾ ഉയർന്നിരുന്നു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളുമായി ശുപാർശയുടെ അവലോകനം നടത്തുകയും പ്രായോഗികതയുടെ അടിസ്ഥനത്തിൽ ശുപാർശകളെ 67 ആക്കി ചുരുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം ലോക

കേരള സഭയിൽ ഉയർന്ന 11 വിഷയങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സർക്കാർ സമർപ്പിച്ചിട്ടുള്ളത്.

ലോക കേരള സഭ സെക്രട്ടറിയേറ്റ് ഒരു ഇംപ്ലിമെന്റേഷൻ ഏജൻസി അല്ലാത്തതിനാൽ വിവിധ വകുപ്പുകൾ /സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ശുപാർശകൾ കൈകാര്യം ചെയ്തുവരുന്നത്. മൂന്നാം ലോക കേരള സഭയിൽ ഉയർന്ന ബാക്കിയുള്ള 56 ശുപാർശകളെ സംബന്ധിച്ച വിശദമായ അവലോകനം ലോക കേരള സഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലോക കേരള സഭ & മേഖലാ സമ്മേളനങ്ങളിൽ ഉയരുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് അതാത് വകുപ്പുകളിൽ ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. നാലാം ലോക കേരള സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിച്ച സുപ്രധാന നിർദ്ദേശങ്ങൾ:

. ലോക കേരള സഭയുടെ സുപ്രധാന നിർദ്ദേശങ്ങളിൽ ഒന്നാണ് ലോകമെമ്പാടുമുള്ള മലയാളികൾക്കായുള്ള ഒരു ഡിജിറ്റൽ ഓൺലൈൻ സ്പെയ്സ് എന്നത്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിൽ അവസരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതുമായ വിപുലമായ ഒരു സംവിധാനം 'ലോക കേരളം ഓൺലൈൻ' എന്ന പേരിൽ രൂപം കൊള്ളുകയാണ്. പ്രവാസികൾക്ക് അവരുടെ പ്രാഥമിക വിവരങ്ങൾ നൽകിയോ സാമൂഹിക മാധ്യമ അക്കൗണ്ടുകൾ ഉപയോഗിച്ചോ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാം. നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് പ്രസ്തുത പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. നാലാം ലോക കേരള സഭയ്ക്ക് മുന്നോടിയായി ലോകകേരളം ഓൺലൈൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രവാസി സംഘടനകൾ, ലോക കേരള സഭാ അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ പരമാവധി പ്രവാസികളെ പദ്ധതിയുടെ ഭാഗമാക്കാനാണ് ലക്ഷ്യമിടുന്നത്.

· നാലാം ലോക കേരള സഭയുടെ നിർദ്ദേശപ്രകാരം പ്രവാസികളുടെ വിപുലമായ വിവരശേഖരണം ലക്ഷ്യമിട്ട് കേരള മൈഗ്രേഷൻ സർവ്വേ 2023 സംഘടിപ്പിച്ചു. 20,000 കുടുംബങ്ങളിൽ നിന്ന് വിശദമായ വിവരശേഖരണം നടത്തിയാണ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയത്. ലോക കേരള സഭയോട് അനുബന്ധിച്ച് സർവ്വേ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

· 2024 അധ്യയന വർഷം മുതൽ കേരളത്തിലെ സർവകലാശാലകളിലൂടെ വിദേശ സർവകലാശാലകളുടെ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

· വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തികശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളാടിസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, കേരളാടിസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ പ്രവർത്തനസ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെ 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദ്യ

ഘട്ടമായി ദുബായിൽ ഒരു സെന്റർ പ്രവർത്തനമാരംഭിച്ചിരുന്നു. പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച ദുബായ് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്ററിനോട് അനുബന്ധിച്ച് ഫെലോഷിപ്പ് പരിപാടിയും പരിഗണനയിലുണ്ട്. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

- ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് മരുന്നുകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കെ.എസ്.ഡി.പി സർവീസ് പ്രൊവൈഡറെ നിയമിച്ചു. പ്രോഡക്ട് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ നടന്നുവരികയാണ്.

- 2024-25 വർഷത്തിൽ സോഫ്റ്റ് സ്കിൽ/ കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർവകലാശാലകൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. യൂറോപ്യൻ - അമേരിക്കൻ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഇത് സഹായകമാകും.

- നോർക്ക-റൂട്ട്സിന്റെ നേതൃത്വത്തിൽ ആരോഗ്യരംഗത്തിന് പുറമെ കൂടുതൽ തൊഴിൽ മേഖലകളിലേക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുക എന്ന നിർദ്ദേശം മുൻനിർത്തി ജർമനിയിൽ തുടർവിദ്യാഭ്യാസത്തിനു സഹായകമാകുന്ന ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമും ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി പദ്ധതിയും ആരംഭിക്കുവാൻ ധാരണയായിട്ടുണ്ട്.

- ഓൺലൈൻ അദാലത്തുകൾ വഴിയുള്ള പ്രവാസി പരിഹാരത്തിനായി എൻ.ആർ. ഐ(കെ) കമ്മീഷന്റെ വെബ്സൈറ്റ് നവീകരിക്കുന്നതിനും ഓൺലൈനിൽ കൂടി പരാതികൾ സ്വീകരിക്കാൻ കഴിയുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- പ്രവാസികളെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുന്ന നിലവിലെ എൻ.ആർ.ഐ സെല്ലിൽ വനിതാ പ്രാതിനിധ്യം ഉൾക്കൊള്ളിക്കണം എന്ന നിർദ്ദേശത്തെ അടിസ്ഥാനമാക്കി എൻ.ആർ.ഐ സെല്ലിൽ വനിതാ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

- വെർച്വൽ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പ്രവാസി മലയാളികൾക്കുള്ള (എൻ.ആർ.കെ) ഒരു ഓ ൺലൈൻ എംപ്ലോയ്മെന്റ് പോർട്ടലാണ്. 2020-ലെ ലോക കേരള സഭയുടെ ശുപാർശകളിലൊന്നാണ് പ്രവാസികൾക്കിടയിലെ പരിചയസമ്പന്നരായ പ്രൊഫഷണലുകളെ കണ്ടെത്തുന്നതിനുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്. കോവിഡ് സമയത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കാൻ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സഹായിക്കും. തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്.

- കൂടാതെ രണ്ടാം ലോക കേരള സഭ മുതൽ തുടർച്ചയായി പ്രധാനമായും അമേരിക്കയിലെ പ്രതിനിധികൾ ഉന്നയിച്ച വിഷയമായിരുന്നു പ്രവാസികളുടെ റവന്യൂ അനുബന്ധ പരാതികൾ പരിഹരിക്കാനുള്ള ഓ ൺലൈൻ സംവിധാനം. 2023 മേയ് 17 നു റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവാസികളുടെ റവന്യൂ പരാതികൾ സ്വീകരിക്കാൻ "പ്രവാസി മിത്രം' എന്ന പോർട്ടൽ ആരംഭിച്ചു കഴിഞ്ഞു.

കൂടാതെ ആദ്യ ലോക കേരള സഭയുടെ നിർദ്ദേശ പ്രകാരം ആരംഭിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് കമ്പനി കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. നിലവിൽ ആദ്യ പദ്ധതിയായ റസ്റ്റ്സ്റ്റോപ്പ് – പാതയോര വിശ്രമകേന്ദ്രം കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ഉടൻ നിർമ്മാണം ആരംഭിക്കും.

സഭയ്ക്ക് ശേഷവും നിർദ്ദേശങ്ങളും പ്രായോഗിക മുൻഗണനകളും വലിയ തോതിൽ പ്രവാസികളുടെ ഭാഗത്തുനിന്നും ഉണ്ടാവുന്നുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഭാവി നിക്ഷേപക സാധ്യതകളിലും പ്രവാസികൾ കാര്യമായ താൽപര്യം കാണിക്കുന്നത് സന്തോഷകരമായ വസ്തുതയാണ്. നിലവിൽ കേരളത്തിനകത്തും പുറത്തുമുള്ള മുഴുവൻ കേരളീയരുടെയും കൂട്ടായ്മയും ഒരുമിച്ചുള്ള പുരോഗതിയും ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്തു പ്രവർത്തിച്ചുവരുന്നു. നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നോർക്കാ റൂട്ട്സും പ്രവാസി ക്ഷേമനിധി ബോർഡും നടത്തിവരുന്ന പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ തന്നെ അനുകരണീയ മാതൃകകളാണ്.

**ഭരണ രംഗത്തെ ഇടപെടലുകൾ**

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരളത്തിന്റെ കുടിയേറ്റ രംഗം വലിയ മാറ്റങ്ങൾക്കാണ് വിധേയമാകുന്നത്. അന്താരാഷ്ട്ര കുടിയേറ്റത്തിലെ പരമ്പരാഗത ലക്ഷ്യസ്ഥാനങ്ങൾ മാറി പുതിയ രാജ്യങ്ങളിലേക്ക് തൊഴിൽ അന്വേഷിച്ച് മലയാളികൾ കുടിയേറുന്നു. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലും ഉയർന്ന ജീവിതനിലവാര സൂചികകളിലും പ്രവാസത്തിന്റെ പങ്കു നിസ്തുലമാണ്. മാറിവരുന്ന ലോകക്രമത്തിൽ കുടിയേറ്റ പ്രക്രിയയിൽ ഉണ്ടാകുന്ന എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് കുടിയേറ്റ താൽപര്യങ്ങളിൽ മാറ്റം വരുത്തുവാനും നല്ലതിനെ ഉൾക്കൊള്ളുവാനും മലയാളികൾക്ക് സാധിക്കുന്നുണ്ട്. എന്നിരുന്നാലും കുടിയേറ്റം ഉയർത്തുന്ന വെല്ലുവിളികളും നിരവധിയാണ്. ഇത്തരം വെല്ലുവിളികളും സാധ്യതകളും സമന്വയിപ്പിക്കുന്ന കുടിയേറ്റ ഭരണനിർവഹണമാണ് (Migration Governance) സർക്കാർ ലക്ഷ്യമിടുന്നത്.

നോർക്കയുടെയും ഫീൽഡ് ഏജൻസി ആയ നോർക്കാ റൂട്ട്സിന്റെയും പ്രവർത്തനങ്ങൾ പ്രവാസിക്ഷേമത്തിൽ നിർണ്ണായകമാണ്. വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന കേരളീയർ, തിരികെ എത്തിയവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്യുന്നവർ, വിദേശത്ത് ജോലി ചെയ്യാൻ താൽപര്യപ്പെടുന്നവർ, എന്നിങ്ങനെയുള്ള 4 വിഭാഗക്കാർക്കായി നോർക്ക-റൂട്ട്സ് ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ക്ഷേമപുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ഏഴു വർഷക്കാലത്തിനിടയിൽ 5 ഇരട്ടി വർദ്ധന വാർഷിക പദ്ധതി നീക്കിയിരുപ്പിൽ ഉണ്ടായിട്ടുണ്ട്. 2016-17 ൽ 25.39 കോടി ആയിരുന്ന പദ്ധതി വിഹിതം 2023-24 ആയപ്പോഴേക്കും 135.75 കോടി ആയി വർദ്ധിച്ചു. പദ്ധതി വിഹിതം കൂടാതെ നോർക്ക നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി. കഴിഞ്ഞ ഏഴു വർഷക്കാലം കൊണ്ട് 13 പദ്ധതികളിൽ നിന്ന് 20 പദ്ധതികളായി വർദ്ധിച്ചു എന്നത് വകുപ്പിന് ഉണ്ടായ

വളർച്ചയെയും പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു. നോർക്ക റൂട്ട്സിന്റെ പ്രഥമ പുനരധിവാസ പദ്ധതിയായ ചഉജഞഋഋ, കഴിഞ്ഞ 11 വർഷമായി തുടരാൻ നോർക്ക റൂട്ട്സിനു സാധിച്ചിട്ടുണ്ട്. നിലവിൽ 18 ധനകാര്യ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമാണ്. നാളിതുവരെ 6,661 ഗുണഭോക്താക്കൾ വിവിധ തരം വായ്പകൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കാരണം ഗുണഭോക്താക്കളുടെ എണ്ണത്തിൽ വന്ന കുറവ് കഴിഞ്ഞ വർഷങ്ങളിൽ പരിഹരിക്കപ്പെട്ടുകൊണ്ട് പ്രവാസികൾ ഏറ്റവും അധികം ആശ്രയിക്കുന്ന മാതൃക പുനഃസംയോജന പരിപാടിയായി തുടരുകയും ചെയ്യുന്നു.

ജോലി നഷ്ടപ്പെട്ടോ, പ്രവാസം അവസാനിപ്പിച്ചോ തിരികെയെത്തുന്ന പ്രവാസികൾക്ക് ഇന്ത്യയിൽ ഏറ്റവും മികച്ച സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനമാണ് കേരളം. നോർക്കയുടെയും പ്രവാസി ക്ഷേമനിധി ബോർഡിന്റെയും നേതൃത്വത്തിൽ സാമ്പത്തിക സഹായമടക്കമുള്ള നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. സുസ്ഥിരമായ പദ്ധതികൾ ആസൂത്രണം ചെയ്തു പ്രവാസികളെ സാമൂഹികമായും സാമ്പത്തികമായും പുനഃസംയോജനം നടത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. തൊഴിലെടുക്കാൻ തയ്യാറുള്ള പ്രവാസികളെ ആഭ്യന്തര തൊഴിൽ കമ്പോളങ്ങളിലേക്ക് നമുക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല. അതിനായി നോർക്ക അസ്സിസ്റ്റഡ് മോബിലിറ്റി ആൻഡ്—എംപ്ലോയ്മെന്റ് (NAME) എന്ന പദ്ധതി നിലവിലുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് ഉൾപ്പെടെ നിശ്ചിത തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്ന പദ്ധതി പുനഃസംയോജന പ്രവർത്തനങ്ങളിൽ നിർണ്ണായകമാണ്. നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ ബുദ്ധിമുട്ടേറിയ നയരൂപീകരണമാണ് ഈ രംഗം ആവശ്യപ്പെടുന്നത്. കോവിഡ് കാലത്ത് ആരംഭിച്ച പ്രവാസി ഭദ്രത വായ്പ പദ്ധതികൾ "സുസ്ഥിര പുനരധിവാസ പദ്ധതികൾ' എന്ന സ്വപ്നത്തിലേക്കുള്ള ആദ്യ കാൽവെപ്പായി പരിഗണിക്കാം. നിലവിലെ പുനഃസംയോജന വായ്പാ പദ്ധതികൾ വിപുലീകരിച്ച് സ്റ്റാർട്ട് അപ്പുകൾ അടക്കമുള്ളവയ്ക്ക് സഹായം നൽകുന്ന രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രവാസി ഭദ്രത വഴി ബജറ്റിൽ വകയിരുത്തിയ 50 കോടി രൂപ പൂർണ്ണമായും ചിലവഴിച്ചുകൊണ്ട് പ്രവാസികൾക്ക് മൂന്നുതരം വായ്പാ പദ്ധതികൾ നടപ്പിലാക്കി. നിലവിൽ 14,166 പേർ കുടുംബശ്രീ, ബാങ്കുകൾ എന്നിവ വഴി വായ്പകൾ സ്വീകരിക്കുകയുണ്ടായി.

പ്രവാസി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ കൂടുതൽ പ്രവാസികളിലേക്ക് എത്തിക്കുക വഴി പുനഃസംയോജന പദ്ധതികൾ ജനകീയമാക്കുവാൻ സാധിക്കും. വിദഗ്ധ അറിവും വിദഗ്ധ മാർഗ്ഗനിർദ്ദേശവും നൽകി 136 സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് വഴിയൊരുക്കിക്കൊണ്ട് കേരളത്തിൽ തങ്ങളുടെ ബിസിനസ്സ് ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും പ്രവാസികളെയും മടങ്ങിവരുന്നവരെയും NBFC സഹായിക്കുന്നു.

വിദേശ രാജ്യങ്ങളിലെ പ്രവാസികൾക്ക്, നോർക്ക ഐ ഡി കാർഡ് സ്കീം വഴി എല്ലാ കാർഡ് ഉടമകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. നിലവിൽ 182 രാജ്യങ്ങളിൽ നിന്നായി ഏകദേശം 7 ലക്ഷം പ്രവാസികൾ ഐ ഡി കാർഡ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി 2021-ൽ അവതരിപ്പിച്ച 'പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസിയിൽ' 49,200 ഗുണഭോക്താക്കൾ എൻറോൾ ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത ഇൻഷുറൻസ് പരിഷ്കരിച്ച് സമഗ്രമാക്കാൻ ശ്രമിച്ചുവരുന്നു. ഐ ഡി കാർഡ് സ്കീമിന്റെ ഭാഗമായി 54 രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ നോർക്കയിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ വിദേശ രാജ്യത്ത് പ്രവർത്തിക്കുന്ന 60 മലയാളി സംഘടനകളും നോർക്കയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 'ഗ്ലോബൽ

കണക്ട് എന്ന പദ്ധതിയുടെ ഭാഗമായി പരമാവധി മലയാളി അസ്സോസിയേഷനുകളെ നോർക്ക റൂട്ട്സിന്റെ ഭാഗമാക്കുക വഴി നോർക്കയുടെ സേവനങ്ങൾ കൂടുതൽ പ്രവാസികളിലേക്ക് എത്തിക്കുവാൻ കഴിയും.

ദുരിതമനുഭവിക്കുന്ന മടങ്ങിവരുന്ന കുടിയേറ്റ തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി, നോർക്കയ്ക്ക് 'സാന്ത്വന' എന്ന പേരിൽ ദുരിതാശ്വാസ നിധി നിലവിലുണ്ട്. നോർക്കയുടെ ഏറ്റവും ജനകീയമായ ക്ഷേമപദ്ധതികളിൽ ഒന്നായ സാന്ത്വന വഴി 151.35 കോടി രൂപ ഉപയോഗിച്ച് 24,676 ഗുണഭോക്താക്കൾക്ക് സഹായം നൽകിയിട്ടുണ്ട്. മറ്റൊരു പ്രധാന ഇടപെടൽ പ്രവാസികൾക്ക് സൗജന്യ നിയമസഹായങ്ങൾ നൽകുന്നതിനുള്ള പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ രൂപീകരണമാണ്. വിദേശ രാജ്യങ്ങളിൽ തൊഴിലെടുക്കുന്ന അഭിഭാഷകരെ കണ്ടെത്തി പ്രവാസികൾക്ക് ആവശ്യമായ നിയമസഹായങ്ങൾ നൽകിവരുന്നു. നിലവിൽ വിവിധ രാജ്യങ്ങളിലായി 10 നിയമ ഉപദേഷ്ടാക്കൾ ഉൾപ്പെടുന്ന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നിയമ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിദേശ രാജ്യങ്ങളിലെ മലയാളി പ്രവാസികൾക്ക് നിരവധി സേവനങ്ങൾ നോർക്ക നൽകിവരുന്നു. ഹെൽപ്ലൈൻ സംവിധാനം, പരാതി പരിഹാര സംവിധാനങ്ങൾ തുടങ്ങിയവ നിലവിലുണ്ട്. വിദേശ രാജ്യത്തുള്ള പ്രവാസികളുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് പ്രധാന ആവശ്യം. നിലവിൽ നോർക്കയുടെ ഐ ഡി കാർഡ് മുഖേന നൽകുന്ന ഇൻഷുറൻസ് പ്രവാസികൾക്ക് സഹായകരമാണ്. എന്നാൽ പ്രസ്തുത ഇൻഷുറൻസ് പരിഷ്കരിച്ച് സമഗ്രമാക്കാൻ ശ്രമിച്ചുവരുന്നു.

സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുക എന്നതാണ് നോർക്കയ്ക്ക് മുൻപിലുള്ള ആദ്യ വെല്ലുവിളി. സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് 'നോർക്ക ശുഭയാത്ര' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി ക്വാളിറ്റി മൈഗ്രേഷൻ ഉറപ്പുവരുത്തുവാനായി കുറഞ്ഞ നിരക്കിലുള്ള വിദേശ ഭാഷാ പഠനം, ഒ.ഇ.ടി, ഐ .ഇ.എൽ.ടി.എസ് പോലെയുള്ള പരീക്ഷകൾ എഴുതുവാനുള്ള വായ്പാ സഹായങ്ങൾ എന്നിവ നോർക്ക നൽകിവരുന്നു. നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓ ഫ് ഫോറിൻ ലാംഗ്വേജ് (NIFL) എന്ന സ്ഥാപനം മുഖേനയാണ് ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. നിലവിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന സ്ഥാപനം കേരളത്തിലെ മറ്റ് താലൂക്കുകളിലും ആരംഭിക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മലയാളികളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പാക്കാൻ നോർക്ക-റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗം വലിയ ശ്രമങ്ങളാണ് അടുത്തകാലത്ത് നടത്തുന്നത്. രാജ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ആറ് റിക്രൂട്ട്മെന്റ് ഏജൻസികളിൽ ഒന്നായ നോർക്ക റൂട്ട്സ്, കേരളത്തിൽ നിന്നുള്ള ആരോഗ്യ പരിപാലന വിദഗ്ധരുടെയും മറ്റ് വിദഗ്ധ തൊഴിലാളികളുടെയും സർക്കാർ-സർക്കാർ, സർക്കാർ-സ്വകാര്യ എന്നീ മേഖലകളിലുള്ള റിക്രൂട്ട്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജി.സി.സി, യൂറോപ്പ്, യു.കെ, കാനഡ എന്നിവിടങ്ങളിലെ വിവിധ വിദേശ തൊഴിലുടമകൾക്കായി നോർക്ക റൂട്ട്സ് നഴ്സുമാരെയും ഡോക്ടർമാരെയും സാങ്കേതിക വിദഗ്ധരെയും റിക്രൂട്ട് ചെയ്യുന്നു. 2016 മുതൽ, സൗദി അറേബ്യ (MOH), കുവൈറ്റ് നാഷണൽ ഗാർഡ്, ജർമ്മൻ ഗവൺമെന്റുമായുള്ള ട്രിപ്പിൾ വിൻ പ്രോഗ്രാം, NHS യു.കെ, വെയിൽസ് എന്നിവയുൾപ്പെടെയുള്ള പ്രധാന പങ്കാളികളുമായി നോർക്ക-റൂട്ട്സ് 1,981 ഉദ്യോഗാർത്ഥികളെ വിദേശ ജോലിക്കായി റിക്രൂട്ട് ചെയ്തു. കാനഡയിലെ ന്യൂഫൗണ്ട്ലാൻഡ്, ലാബ്രഡോർ പ്രവിശ്യകളുമായുള്ള റിക്രൂട്ട്മെന്റ് കരാറിനായുള്ള ചർച്ചകളിലും ഫിന്നിഷ് സർക്കാരുമായി നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളിലും നോർക്ക-റൂട്ട്സ് പങ്കാളിയാണ്.

നോർക്ക-റൂട്ട്സും ജർമ്മൻ ഗവൺമെന്റുമായുള്ള ട്രിപ്പിൾ വിൻ പ്രോഗ്രാം എന്നത് ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി ഏഷ്യ-പസഫിക് മേഖലയിൽ ആദ്യമായി ഏർപ്പെട്ട കരാറാണ്. ഇക്കഴിഞ്ഞ 2022-23 സാമ്പത്തിക വർഷത്തിൽ, നോർക്ക-റൂട്ട്സ് 1,503 ഉദ്യോഗാർത്ഥികളെ ജോലിക്കായി തിരഞ്ഞെടുക്കുകയും 384 മലയാളികളെ വിന്യസിക്കുകയും ചെയ്തു. ജർമ്മനിയിലേക്കുള്ള ഹെൽത്ത് കെയർ വർക്കർ റിക്രൂട്ട്മെന്റിന് പുറമെ, ഹോസ്പിറ്റാലിറ്റിയിലും ടൂറിസത്തിലും പുതിയ റിക്രൂട്ട്മെന്റ് അവസരങ്ങൾ കണ്ടെത്തി റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുവാൻ നോർക്ക റൂട്ട്സ് ലക്ഷ്യമിടുന്നുണ്ട്.

**നവകേരളവും പ്രവാസികളും**

നേടിയ നേട്ടങ്ങളെ സംരക്ഷിക്കാനും പുതിയ മേഖലകളിലേക്ക് കടന്നുചെല്ലുന്നതിനുമുള്ള വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ മേഖലയെ വികസിപ്പിക്കാനും അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ലോകത്തെ ആരോഗ്യ മേഖലയിലെ ഉന്നതമായ കേന്ദ്രമാക്കി കേരളത്തെ പരിവർത്തിപ്പിക്കുക എന്ന കാഴ്ചപ്പാടും ഇതോടൊപ്പം മുന്നോട്ടുവയ്ക്കുന്നുണ്ട്. വിപുലമായ അടിത്തറയാൽ സമ്പന്നമായ ആരോഗ്യ മേഖലയിൽ അതി വിദഗ്ധമായ ചികിത്സകൾ ഉൾപ്പടെ കൊണ്ടുവരുന്ന സമീപനമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ടൂറിസം പോലുള്ള മേഖലയിൽ പുതിയ നിക്ഷേപകരെ കൊണ്ടുവരാനും ആ മേഖലയെ മുന്നോട്ടുകൊണ്ടുപോകാനും സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തെ സാധ്യതകളെയെല്ലാം ഉപയോഗപ്പെടുത്തുക എന്നതും പ്രധാനമാണ്. അതുവഴി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് അവ നീതിയുക്തമായി വിതരണം ചെയ്യുക എന്ന സമീപനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ നിലനിൽക്കുന്ന സാമൂഹ്യ പദ്ധതികൾ ഉൾപ്പെടെ മുന്നോട്ട് കൊണ്ടുപോകാനാകു. അതിനായി സംസ്ഥാനത്തെ എല്ലാ മേഖലകളെയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

എന്നാൽ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത ഫെഡറലിസത്തിന്റെ മൂല്യങ്ങൾക്ക് കടകവിരുദ്ധമായി സംസ്ഥാനങ്ങളുടെ വികസനത്തിന് തടസ്സം നിൽക്കുന്ന നയമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. 15-ആം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച സംസ്ഥാനങ്ങളുടെ വായ്പാ പരിധി (ധനകമ്മി) 2021-22 ൽ 4 ശതമാനമായിരുന്നു. 2022-23 ൽ 3.5 ശതമാനമായിരുന്നു. കേന്ദ്ര ധനമന്ത്രാലയം ഈ വാർഷിക വായ്പാ പരിധി അഥവാ ധനകമ്മി പരിധിയിൽ യുക്തിരഹിതമായി വെട്ടിക്കുറവ് വരുത്തുകയാണ്. നിയമപരമായി പ്രത്യേക നിലനിൽപ്പുള്ള കിഫ്ബി പോലുള്ള സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ വായ്പയാണെന്ന് പ്രഖ്യാപിച്ചു. അങ്ങനെ 3.5 ശതമാനം വായ്പാ പരിധി വീണ്ടും വെട്ടിക്കുറയ്ക്കുന്നു. അതിലൂടെ സംസ്ഥാനത്തിന്റെ വരവ് - ചെലവ് അനുമാനങ്ങളെ താളം തെറ്റിക്കാനും സാമ്പത്തിക സ്തംഭനാവസ്ഥ സൃഷ്ടിക്കാനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.

സുസ്ഥിരവികസനത്തിൽ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യം സൂചിക പ്രകാരം ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. കേവലം 0.71 ശതമാനം മാത്രം. എന്നാൽ വളരെ ചെറിയ സംഖ്യ മാത്രം വരുന്ന ഈ ദരിദ്ര ജനവിഭാഗങ്ങളെയും കണ്ടെത്തി ദാരിദ്ര്യം തുടച്ചു നീക്കാൻ പ്രതിജ്ഞാബദ്ധമായാണ്

എൽ.ഡി.എഫ് സർക്കാർ പ്രവർത്തിക്കുന്നത്. അതിനായി മേഖലകളിലെല്ലാം സർക്കാരിന്റെ ഇടപെടൽ മെച്ചപ്പെടുത്തുമ്പോൾ തന്നെ സ്വകാര്യ നിക്ഷേപത്തെയും നാടിന്റെ താൽപര്യത്തെ ഹനിക്കാത്ത വിദേശ നിക്ഷേപങ്ങളെയും സ്വീകരിക്കുക എന്ന കാഴ്ചപ്പാടുകൂടി സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ നിക്ഷേപങ്ങളെ വ്യവസായിക മേഖലയിലുൾപ്പടെ കൊണ്ടുവരിക എന്നത് പ്രധാനമായും കാണുന്നുണ്ട്.

ഐ ടി, ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക വ്യവസായ മേഖലകളിലും അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് അഞ്ച് വർഷം കൊണ്ട് പത്ത് ലക്ഷം തൊഴിലവസരം സൃഷ്ടിക്കണം എന്നാണ് സർക്കാർ ലക്ഷ്യമിട്ടത്. കൃഷി, കെട്ടിട നിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലായി 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും സർക്കാർ ഉദ്ദേശിക്കുന്നതാണ്. ആധുനിക തുറകളിലെ ജോലിക്ക് പത്ത് ലക്ഷം പേർക്ക് സ്കിൽ ഡെവലപ്പ്മെന്റ് കരിയർ ഗൈഡൻസ് വഴി പരിശീലനം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐ ടി പാർക്കുകളുടെ വികാസത്തിനും സർക്കാർ ലക്ഷ്യംവയ്ക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കി ആ രംഗത്ത് 4 ലക്ഷം പേർക്ക് തൊഴിൽ നൽകാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാർഷിക രംഗത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൃഷ്ടിക്കാനും ഉള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്.

കേരളത്തിൽ ജനിച്ച് വളർന്നവർക്ക് ഇവിടെ തൊഴിൽ ചെയ്ത് വളരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ഇടപെടുന്നത്. അതിന് വിവിധ മേഖലകളിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവിടെ എടുത്തുപറയേണ്ട കാര്യം പ്രവാസികളുടെ വൈജാത്യമാണ്. വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന പ്രവാസികളുണ്ട്. വാണിജ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്. വിദേശ സർവകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നവരുമുണ്ട്. വിദേശ ആശുപത്രികളിൽ പ്രവർത്തിക്കുന്ന വിദഗ്ധ ഡോക്ടർമാരും നേഴ്സിംഗ്, സാങ്കേതിക വിദഗ്ധരുമുണ്ട്. മാനേജ്മെന്റ് മേഖലയിലും കൺസൾട്ടൻസി മേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും നിർമ്മാണ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചവരുമുണ്ട്. ഇവരുടെ അറിവും അനുഭവപരിചയവും ഫലപ്രദമായി കേരളത്തിൽ എങ്ങനെ ഉപയോഗിക്കാം എന്ന് പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട് അതിനുള്ള സമയ ബന്ധിതമായ കർമ്മ പദ്ധതിയുമായി മുന്നേറുമ്പോഴും സമൂഹത്തിന്റെ ഏറ്റവും പിന്നിലുള്ള ജനസമൂഹങ്ങളുടെയും സർവ്വോന്മുഖമായ പുരോഗതിയും വികസന കർമ്മ പദ്ധതിയുടെ ഭാഗമാക്കിയാണ് കേരളം മുന്നേറുന്നത്.

യുവജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയെന്ന സർക്കാർ നയത്തിന് മുതൽക്കൂട്ടാവുന്ന വിധത്തിൽ 2016-21 കാലയളവിൽ ടെക്നോപാർക്കിൽ 13,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2021-23 ൽ 7,500 തൊഴിലവസരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം(DWMS) പദ്ധതി വഴി 31,935 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

വ്യവസായ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളും പദ്ധതികളുമായി സംസ്ഥാന വ്യവസായ നയം 2023 നിലവിൽ വന്നു. കാലത്തിനനുസൃതമായ ആധുനിക വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യവസായ നയം, കേരളത്തെ രാജ്യത്തെ ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയെന്ന

ലക്ഷ്യത്തിലാണ് നടപ്പാക്കുക. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച്, നവീന ആശയങ്ങൾ വളർത്തി, സുസ്ഥിര വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന സമഗ്ര നയമാണ് കേരള വ്യവസായ നയം 2023. 2023–24 സാമ്പത്തിക വർഷത്തെ നിക്ഷേപക വർഷമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുക.

നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കൊണ്ടുവരുന്ന വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണ്ണമായും സംരംഭക സൗഹൃദമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. അഭ്യസ്തവിദ്യരായ യുവാക്കളെ സംരംഭകലോകത്തേക്ക് കൈപിടിച്ചുയർത്താൻ നിരവധി പദ്ധതികൾ വ്യവസായ നയം മുന്നോട്ടുവെക്കുന്നു. വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കേരളമാണ് എന്ന യാഥാർത്ഥ്യത്തിലൂന്നി ഈ മേഖലയിലെ സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളും വ്യവസായ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉത്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.

മുൻഗണന മേഖലകളിലൂന്നിയ വ്യവസായവൽക്കരണമാണ് നയം ലക്ഷ്യമിടുന്നത്. എയ്റോസ്പേസ് ആൻഡ് ഡിഫൻസ് നിർമിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, രൂപകൽപ്പന (ഡിസൈൻ), ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം രൂപകൽപ്പനയും ഉത്പാദനവും, എഞ്ചിനീയറിങ്ങ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രഫീൻ, ഉയർന്ന മൂല്യവർദ്ധിത റബർ ഉത്പന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർദ്ധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിങ്ങ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജം, ചില്ലറ വ്യാപാര മേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3–ഡി പ്രിന്റിങ്ങ് എന്നിങ്ങനെ 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണ വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നീ ഉപനയങ്ങളിലൂടെ സമഗ്ര പിന്തുണ നൽകും.

പൊതുവിദ്യാഭ്യാസ രംഗത്ത് – ഹൈ ടെക് ക്ലാസുകൾ, പുതിയ കെട്ടിടങ്ങൾ, പുസ്തകങ്ങൾ – യൂണിഫോം സ്കൂൾ തുറക്കുന്നതിനു മുൻപ്, സർക്കാർ സ്കൂളുകളിൽ വർദ്ധിക്കുന്ന എൻറോൾമെന്റ്, പൂർണ്ണമായും ഡിജിറ്റൽ ആയും

ലഭ്യമായ ടെക്സ്റ്റ് ബുക്കുകൾ, ലാബുകൾ-ലൈബ്രറികൾ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ എന്നിവയിലെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ലോകനിലവാരത്തിലുള്ള ആരോഗ്യ രക്ഷാ സംവിധാനം കേരളം യാഥാർത്ഥ്യമാക്കികൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ 160 ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) അംഗീകാരം. കോവിഡ് കാലത്തു വികസിതരാഷ്ട്രങ്ങൾ പോലും സമഗ്രമായ പ്രതിരോധ-ചികിത്സാ സൗകര്യങ്ങൾ ജനങ്ങൾക്ക് നൽകുന്നതിൽ പരാജയപ്പെട്ടപ്പോൾ മഹാമാരിയിൽ നിന്ന് ജനങ്ങൾക്ക് കവചമൊരുക്കാനും ചികിത്സ പ്രാപ്യമാക്കാനും കേരളത്തിന് കഴിഞ്ഞത് പൊതുജനാരോഗ്യ സംവിധാനം ശക്തമാക്കാൻ നിശ്ചയദാർഢ്യത്തോടെ എൽ.ഡി.എഫ് സർക്കാർ നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് എന്ന് നാം മനസ്സിലാക്കേണ്ടതാണ്.

മലയോര ഹൈവേ, തീരദേശ ഹൈവേ, ദേശീയ പാതാ സ്ഥലമെടുപ്പ്, കെ-റെയിൽ, ജലപാത, ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, ഇൻഡസ്ട്രിയൽ പാർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും കെട്ടിടങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസന രംഗത്ത് സർക്കാർ നടത്തിയ ശ്രമങ്ങൾ കേരള വികസനത്തിലെ നാഴികക്കല്ലുകളായി പരിണമിക്കും.

ഐ ടി പാർക്കുകൾ, സ്റ്റാർട്ട് അപ്പുകൾ, ഇലക്ട്രോണിക്സ്-ഫർമാ ഹബ് ആയി കേരളത്തെ വികസിപ്പിക്കാൽ, റബർ-സ്പൈസസ്-കാപ്പി-റൈസ്-ഫുഡ് പാർക്കുകൾ, ജില്ലാ അഗ്രോ പാർക്കുകൾ, മത്സ്യ സംസ്കരണ വ്യവസായ പാർക്കുകൾ, 52 ഇന്നൊവേഷൻ ക്ലസ്റ്ററുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്, ഗ്രാഫീൻ ഇന്നൊവേഷൻ ഹബ്, ഹൈഡ്രജൻ ഹബ്, സ്പേസ് പാർക്ക്, ഡിജിറ്റൽ സയൻസ് പാർക്ക് തുടങ്ങിയ കേരളത്തിനഭിമാനിക്കാവുന്ന ഉദാഹരണങ്ങൾ വ്യവസായ-സംരംഭക രംഗത്ത് പ്രവർത്തിക്കുകയാണ്, ഉയർന്നുവരുകയാണ്. നഷ്ടത്തിലായി സ്വകാര്യവൽക്കരണത്തിന്റെ പാതയിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കാസർഗോഡ് സ്ഥിതി ചെയ്യുന്ന ഭാരത് ഹെവി ഇക്ട്രോണിക്സ് ലിമിറ്റഡ് - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് (BEL-EML) എന്നീ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളെ ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലയിലാക്കി ലാഭത്തിന്റെ പാതയിൽ എത്തിക്കാൻ കേരളത്തിന് കഴിഞ്ഞു.

ലോകം ഇന്ന് നേരിടുന്ന ഒരു സുപ്രധാന പ്രശ്നമാണ് കാലാവസ്ഥാ വ്യതിയാനം. ഇതിന്റെ അലയൊലികൾ ഇങ്ങ് കേരളത്തിലും ഉണ്ടാവുകയാണ്. പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യമുണ്ട്. ലോകരാഷ്ട്രങ്ങളാകെ ഒരുമിച്ചുനിന്ന് പ്രവർത്തിച്ചാൽ മാത്രമേ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ കഴിയൂ എന്നു നമുക്കറിയാം. ഇക്കാര്യത്തിൽ കേരളത്തിന് എന്തു ചെയ്യാൻ കഴിയുമെന്ന് ഗൗരവകരമായ ചർച്ചകൾ ഉണ്ടാകണം. 2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും പല പദ്ധതികളും നടപ്പാക്കി വരികയാണ്. പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നതും, ഇലക്ട്രിക് വാഹന നയം നടപ്പാക്കുന്നതും, പുനരുപയോഗ സാധ്യതയുള്ള ഊ ർജ്ജ സ്രോതസ്സുകളിലേക്ക് നമ്മൾ മാറുന്നതും എല്ലാം ഇതിന്റെ ഭാഗമായാണ്. ഈ മുന്നേറ്റത്തിൽ നൂതനമായ ആശയങ്ങൾ സംഭാവന ചെയ്യാൻ കഴിയുന്നവരാണ് പ്രവാസി മലയാളികൾ. കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിന് ലോകരാഷ്ട്രങ്ങൾ നടപ്പാക്കുന്ന നവീനവും സുസ്ഥിരവുമായ പ്രവർത്തനങ്ങൾ ശ്രദ്ധയിലേക്ക്

കൊണ്ടുവരാൻ കഴിയണം. അങ്ങനെയായാൽ ഉദ്ദേശിച്ചതിലും വേഗത്തിൽ ലക്ഷ്യത്തിലേക്കെത്താൻ നമുക്ക കഴിയും.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ പരിഗണിച്ച് പ്രത്യേക ശ്രദ്ധയാവശ്യമുള്ള കുട്ടനാട്, വയനാട്, ഇടുക്കി എന്നീ മേഖലകൾക്ക് സ്പെഷ്യൽ പാക്കേജുകൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും കടാശ്വാസ പദ്ധതികൾ, നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ തുടങ്ങി സർക്കാരിന്റെ സഹായഹസ്തങ്ങൾ, പ്രോത്സാഹനം എന്നിവ എല്ലാ ജനവിഭാഗങ്ങളിലേക്കും എത്തിക്കുവാൻ സർക്കാർ ശ്രമിച്ചുവരുന്നു.

ജനങ്ങളും സർക്കാരും തമ്മിലുള്ള ഇഴയടുപ്പം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തി വരുന്നത്. നവ കേരള സദസ്സുകൾ, മുഖാമുഖം പരിപാടികളും ഒരുവശത്ത്, സേവനങ്ങളും മറ്റും ഓ ൺലൈനായി ലഭ്യമാക്കുന്നതും വാതിൽപ്പടി സേവനങ്ങളും പോലെയുള്ള ഇടപെടലുകൾ മറുവശത്ത്. ജനകീയാസൂത്രണത്തിലൂടെ ഭരണ നിർവ്വഹണ രംഗത്ത് നാം ലോകത്തിന് മാതൃക സൃഷ്ടിച്ചിട്ടുണ്ട്. അത്തരം മാതൃകകൾ ഇനിയുമുണ്ടാകണം. അതിനായി ഭരണ നിർവ്വഹണ രംഗത്ത് പ്രത്യേകിച്ച് പൊതുജന സേവന രംഗത്ത് ലോകത്തുണ്ടാകുന്ന ക്രിയാത്മക മുന്നേറ്റങ്ങളെ നമ്മുടെ സാമൂഹ്യ ഘടനയിലേക്ക് വിളക്കിച്ചേർക്കാനുള്ള ഇടപെടലുകൾ ഉണ്ടാകണം.

പ്രവാസി സമൂഹം കേരളത്തിൽ നിന്നുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും വിദേശത്ത് വളരെ ചലനാത്മകമായ വിപണി സൃഷ്ടിച്ചെടുത്തിട്ടുണ്ട്. പ്രവാസിസമൂഹങ്ങൾ കേരളത്തിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും അവസരം ഒരുക്കുന്നു എന്നതും ശ്രദ്ധേയമാണ്. പുതിയ തലമുറയ്ക്ക് അന്തർദേശീയ തൊഴിൽ വിപണിയിലേക്ക് എത്തിപ്പെടാനുള്ള കൈത്താങ്ങായും പ്രവാസിസമൂഹം പ്രവർത്തിക്കുന്നു. ഈ ചിത്രത്തിന്റെ മറുവശം എന്ന നിലയ്ക്ക്, വിശ്വപരപ്പിൽ ആഗോളതലത്തിൽ പുതിയ അറിവുകളെയും, ആശയങ്ങളെയും, സാങ്കേതിക വിദ്യകളെയും, സാധനങ്ങളെയും, സേവനങ്ങളെയും, മൂലധനത്തെയും നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള മാധ്യമം എന്ന നിലയ്ക്കും പ്രവാസി സമൂഹം പ്രവർത്തിക്കുന്നുണ്ട്. സാധ്യതകളുടെ പുതിയ ചക്രവാളത്തെ കണ്ണ് തുറന്ന് കാണാനും ഉൾക്കൊള്ളാനും നാം തയ്യാറാവണം.

ലോക കേരള സഭയുടെ ഒരു പ്രധാന ഉദ്ദേശം, മേൽ വിവരിച്ചതുപോലെ, പ്രവാസികളെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ പ്രധാന പങ്കാളികളും ചാലകശക്തികളുമായി മാറ്റുക എന്നതാണ്. അതിവേഗം മാറുന്ന ആഗോള പ്രവാസത്തിന്റെ സ്വഭാവത്തിന്റെ പശ്ചാത്തലത്തിലും കഴിഞ്ഞ മൂന്നു ലോക കേരള സഭകളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടും നാലാം ലോക കേരള സഭ, പ്രവാസികളും അകം കേരളവും തമ്മിലുള്ള ഇടപെടലുകളെ ക്രീയാത്മകമാക്കാൻ ഉള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാൻ ശ്രമിക്കുന്നു.

**നാലാം ലോക കേരള സഭ – കാഴ്ചപ്പാട്**

മലയാളി പ്രവാസത്തിന്റെ ഏറ്റവും വിശ്വസനീയമായ കണക്കുകൾ കേരള മൈഗ്രേഷൻ സർവ്വേ വഴിയാണ് ലഭ്യമാകുന്നത്. ഏറ്റവും പുതിയ മൈഗ്രേഷൻ സർവ്വേ കണക്കുകൾ പ്രകാരം 26 ലക്ഷം മലയാളികൾ ഇന്ത്യയ്ക്ക് പുറത്തുള്ള രാജ്യങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്നു. അവസാനം ലഭ്യമായ 2018 ലെ സർവ്വേ പ്രകാരം 21.2 ലക്ഷം മലയാളി പ്രവാസികളാണ് ഉള്ളത്. യഥാർത്ഥ കണക്കുകളിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാമെങ്കിലും കേരള മൈഗ്രേഷൻ സർവ്വേ വിരൽ ചൂണ്ടുന്നത് മലയാളി കുടിയേറ്റത്തെ അപ്രത്യക്ഷമാവാൻ പോകുന്ന ഒരു പ്രതിഭാസമായി കാണാനാവില്ല എന്നു തന്നെയാണ്.

പ്രവാസം ആധുനിക ലോകത്ത് കൂടുതൽ ശക്തമായി തുടരാനാണ് സാധ്യത. തൊഴിൽകമ്പോളങ്ങളുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ കൂടുതൽ ഉദാരമാക്കപ്പെടാനാണ് പോകുന്നത്. സാധനങ്ങളും സേവനങ്ങളും മൂലധനവും ദേശീയ അതിർത്തികൾ വിട്ടു പ്രവർത്തിക്കുന്ന ഉദാരവത്കരണത്തിന്റെ കാലത്ത് അധ്വാനശക്തി മാത്രം രാജ്യാതിർത്തിക്കുള്ളിൽ ഒതുങ്ങും എന്നു കരുതാനാവില്ല. ലോകരാജ്യങ്ങൾക്കിടയിൽ തൊഴിലാളികളുടെ ലഭ്യതയും തൊഴിലവസരങ്ങളുടെ ലഭ്യതയും തമ്മിലുള്ള പൊരുത്തമില്ലായ്മ മൂർച്ഛിക്കാനാണ് സാധ്യത. വികസിത രാജ്യങ്ങളിൽ ജനസംഖ്യാവളർച്ച കുറയുകയും തൊഴിലാളികളുടെ ക്ഷാമം കൂടുതലായി അനുഭവപ്പെടുകയും ചെയ്യു. ആതുരസേവനം ഉൾപ്പെടെയുള്ള ഒട്ടേറെ മേഖലകളിൽ ഇപ്പോൾ തന്നെ വികസിത രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ആകർഷകമായ ഇത്തരം തൊഴിലവസരങ്ങൾ കേരളീയർ കൂടുതലായി ഉപയോഗിച്ചുവരുന്നുണ്ട്. കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ ശാസ്ത്രസാങ്കേതിക വിദഗ്ധർ, പ്രൊഫഷണലുകൾ, മാധ്യമപ്രവർത്തകർ, സവിശേഷമായ നൈപുണ്യമുള്ളവർ തുടങ്ങി മെച്ചപ്പെട്ട പ്രതിഫലം ലഭിക്കുന്നവരുടെ അനുപാതം വർദ്ധിക്കുകയാണ്.

കേരള മൈഗ്രേഷൻ സർവ്വേകൾ കാണിക്കുന്ന മറ്റൊരു പ്രവണത നമ്മുടെ പ്രവാസികൾക്കിടയിൽ വികസിത പാശ്ചാത്യ രാജ്യങ്ങളിലേക്കു കുടിയേറുന്നവരുടെ അനുപാതം വർദ്ധിക്കുന്നു എന്നതാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നു വ്യത്യസ്തമായി പാശ്ചാത്യ രാജ്യങ്ങളിൽ പൗരത്വം സ്വീകരിച്ച് അവിടെ സ്ഥിരതാമസമാക്കുന്ന കേരളീയരുടെ എണ്ണവും വർദ്ധിക്കുകയാണ്. വികസിത രാജ്യങ്ങളായ ഓ സ്ട്രേലിയ, ന്യൂസീലണ്ട്, കാനഡ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കുള്ള കുടിയേറ്റം പടിപടിയായി വർദ്ധിക്കുന്നുണ്ട്. മലയാളികൾ വിദ്യാഭ്യാസ നിലവാരത്തിലും തൊഴിൽ നൈപുണ്യത്തിലും കൈവരിച്ച പുരോഗതിയാണ് ഈ മാറ്റത്തിന്റെ പ്രധാന കാരണം എന്ന് കാണാം. ആദ്യകാലത്ത് ആരോഗ്യ പ്രവർത്തകരും ഒരു പരിധി വരെ ഐ ടി പ്രൊഫഷണലുകളും മാത്രം കുടിയേറിയ സ്ഥാനത്ത് ഇന്ന് മാനേജ്മെന്റ് പ്രൊഫഷനലുകൾ, അക്കൗണ്ടിംഗ് വിദഗ്ധർ, അക്കാഡമിഷ്യൻസ് തുടങ്ങി ഉയർന്ന തൊഴിൽ വൈദഗദ്ധ്യമുള്ളവർ, സംരംഭകർ, സ്ഥലംമാറ്റം കിട്ടി വരുന്ന ബഹുരാഷ്ട്ര കമ്പനികളിലെ ജീവനക്കാർ എന്നിവർ വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നു. വികസിത രാജ്യങ്ങൾ കൂടാതെ ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ധാരാളം മലയാളികൾ തൊഴിലിനായി കുടിയേറുന്നു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേക്കും തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കും മലയാളികൾ കൂടുതലായി കുടിയേറുന്നുണ്ട്.

ശ്രദ്ധേയമായ മറ്റൊരു കാര്യം കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ ചെറുതും വലുതുമായ ഒട്ടേറെ സംരംഭകരും തൊഴിൽദാതാക്കളും ഉണ്ടെന്നതാണ്. ഇന്ത്യയിലും നിരവധി പുറം രാജ്യങ്ങളിലും പ്രവർത്തിക്കുന്ന സംരംഭ ശൃംഖലകൾ നടത്തുന്ന കേരളീയരും ഉണ്ട്. യഥാർഥത്തിൽ കേരളത്തിൽ നിന്നുള്ള മൂലധനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ശക്തവും വളരുന്നതുമായ സാന്നിധ്യമാണ്. ബഹുസ്ഥല അഥവാ ബഹുരാഷ്ട്ര ജീവനം നയിക്കുന്നവരുടെ സാന്നിധ്യവും കണക്കിലെടുക്കപ്പെടണം.

ഒട്ടേറെപ്പേർ നാട്ടിലും വിദേശത്തും ഒരുപോലെ സാമൂഹ്യജീവിതത്തിൽ ഇടപെടുകയും ബിസിനസു നടത്തുകയും പണിയെടുക്കുകയും ചെയ്യുന്നുണ്ട്. യാത്ര പഴയതിനേക്കാൾ എളുപ്പമായതും കേരളത്തിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും അന്തർദേശീയ വിമാനത്താവളങ്ങളിലേക്ക് എളുപ്പം എത്താൻ കഴിയുമെന്നതും ഇത്തരം ഉഭയജീവിതം നയിക്കാൻ സഹായകമാണ്. സാങ്കേതികവിദ്യയുടെ വളർച്ച കാരണം കേരളത്തിൽ ഇരുന്ന് വിദേശ ഇടപാടുകാർക്കുവേണ്ടി പണിയെടുക്കുന്നവർ ധാരാളമാണ്. അങ്ങനെയുള്ളവരിൽ പലർക്കും ഇടയ്ക്കിടെ വിദേശത്തു പോകേണ്ടതായും വരും. എന്നു മാത്രമല്ല ഇപ്പോൾ പല വികസിത രാജ്യങ്ങളും വിദേശ രാജ്യങ്ങളിലെ തൊഴിലാളികൾക്ക് അവർ ഏറ്റെടുക്കുന്ന പണികൾ ചെയ്ത് തിരിച്ചുപോകത്തക്ക നിലയിലുള്ള ഹ്രസ്വകാല വിസകൾ നൽകുന്നുമുണ്ട്. ഇതിനെല്ലാം പുറമേയാണ് ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം. കേരളത്തിൽ നിന്നും വിദ്യാർത്ഥി കുടിയേറ്റം ധാരാളമായി നടക്കുന്നുണ്ട്.

കുടിയേറ്റത്തിന്റെ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളോടു ചേർത്ത് വായിക്കേണ്ടതാണ് പ്രവാസി പണത്തിന്റെ വരവിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം പ്രവാസി പണത്തിന്റെ വരവിൽ മഹാരാഷ്ട്രയ്ക്ക് പിന്നിൽ രണ്ടാമതാണ് കേരളത്തിന്റെ സ്ഥാനം. രാജ്യത്തേക്ക് ആകെയെത്തുന്ന പ്രവാസി പണത്തിന്റെ 10.2 ശതമാനമാണ് (ഏകദേശം 1,05,000 കോടി രൂപ) കേരളത്തിലേക്ക് എത്തുന്ന പ്രവാസി പണം. ഈ തുക ഇപ്പോഴും നമ്മുടെ ആഭ്യന്തര സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ്. പ്രവാസി പണത്തിന്റെ വരവ് മാത്രമല്ല, അകം കേരളവും പുറം കേരളവുമായുള്ള സാമൂഹിക സാംസ്കാരിക സാമ്പത്തിക രംഗത്തെ വിനിമയങ്ങളും പ്രധാനമാണ്. ഉദാഹരണത്തിന്, അടുത്തിടെയായി മലയാള ചലച്ചിത്രങ്ങൾ പ്രധാന വിപണിയായി കാണുന്നത് വിദേശ രാജ്യങ്ങളെയാണ്. നമ്മുടെ പ്രധാന കയറ്റുമതി പങ്കാളി യു.എ.ഇയാണ്.

നാലാം ലോക കേരള സഭ ലക്ഷ്യമിടുന്നത് അകം കേരളവും പുറം കേരളവും തമ്മിലുള്ള അകലം കുറച്ചു സഹകരിക്കാൻ സാധിക്കുന്ന സർവ്വ മേഖലകളിലും പരസ്പര സഹകരണവും കൂട്ടായ്മയും ഉറപ്പുവരുത്തുക എന്നതാണ്. മുൻ സഭകളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭാ പ്രതിനിധികൾക്ക് സഭയ്ക്ക് പുറമേ അകം കേരളത്തിലെ ഭരണ സംവിധാനങ്ങളുമായി നിരന്തരം ആശയവിനിമയം സാധ്യമാക്കാൻ ഒരു ഇടം ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഭരണവുമായി ബന്ധപ്പെട്ട പ്രവാസികൾക്കുള്ള നിർദ്ദേശങ്ങൾ വിശദമായ പ്രൊപ്പോസലിന്റെ രൂപത്തിൽ സമർപ്പിക്കാനും പരാതികളും പ്രശ്നങ്ങളും അവതരിപ്പിക്കുവാനും കൂടാതെ മലയാളി സംഘടനകളും വ്യക്തികളും നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുവാനും ലോക കേരള സഭയുടെ പ്രതിനിധികൾക്ക് ഇനി സാധിക്കും. പലപ്പോഴും ആശയവിനിമയത്തിന്റെ അഭാവം പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഇതേ കാഴ്ചപ്പാട് എല്ലാ മലയാളികൾക്ക് ഇടയിലേക്കും എത്തിക്കുക, ലോക മലയാളിക്ക് ഒരു ഡിജിറ്റൽ ഇടം എന്ന നിലയ്ക്ക് "ലോക കേരളം ഓൺലൈൻ' എന്ന ഒരു പ്ലാറ്റ്ഫോം ആരംഭിക്കുന്നുണ്ട്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിൽ അവസരങ്ങൾ പങ്കുവയ്ക്കുവാനും വിവരങ്ങൾ കൈമാറുവാനും ഉതകുന്ന ഒരു ഡിജിറ്റൽ കേരളം ഇത് വഴി ഉണ്ടാക്കാൻ സാധിക്കും. പ്ലാറ്റ്ഫോമിന്റെ പ്രവർത്തനം പടിപടിയായി ആരംഭിച്ച് പൂർണ്ണതോതിൽ എത്തുമ്പോൾ അകം കേരളവും പുറം കേരളവും തമ്മിലുള്ള അന്തരം നേർത്ത് വരും എന്നത് തീർച്ച. പ്രാഥമിക വിവരങ്ങൾ നൽകുക വഴി പ്രവാസികൾക്ക് തമ്മിൽ ബന്ധപ്പെടുവാനും നവമാധ്യമ സ്വഭാവത്തിലുള്ള ഇടപെടലുകൾ നടത്തുവാനും സാധിക്കുന്നു. ഇത് വഴി ലോക കേരള സഭ മുന്നോട്ടു വയ്ക്കുന്ന ലോക മലയാളിയുടെ ജനാധിപത്യവേദി എന്ന ആശയം കൂടുതൽ ജനകീയമാകും.

പ്രവാസികളുടെ ജനാധിപത്യ അവകാശങ്ങളും പ്രാതിനിധ്യത്തിന്റെ പ്രശ്നവും കൈകാര്യം ചെയ്യാനുള്ള കേരളത്തിന്റെ മുൻകയ്യായി വേണം ലോക കേരള സഭയെ കാണാൻ. ദുരിതമനുഭവിക്കുന്ന പ്രവാസികളുടെ രക്ഷ മാത്രമല്ല തീർച്ചയായും ലോക കേരള സഭ ലക്ഷ്യമാക്കുന്നത്. അതിനോടൊപ്പം വിശ്വം മുഴുവൻ വളരുന്ന കേരളീയരുടെ ഒരുമിച്ചുള്ള വളർച്ചയും ഐ ക്യവുമാണ്. ഇതേ കാഴ്ചപ്പാട് യഥാർഥത്തിൽ ദേശീയാടിസ്ഥാനത്തിലും പ്രസക്തമാണ്. ഇന്ത്യയുടെ അതിർത്തികൾക്കുള്ളിൽ മാത്രമല്ല ഇന്ന് ഇന്ത്യയെ അറിയേണ്ടത്. ഇത്തരത്തിൽ ലോക കേരള സഭ എന്ന ആശയം ദേശീയ–അന്തർദേശീയ തലങ്ങളിലേക്ക് ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഭാവിയുടെ ഭരണക്രമത്തിൽ ലോകരാഷ്ട്രങ്ങൾ ഉൾക്കൊള്ളാൻ പോകുന്ന സമാനതകളില്ലാത്ത ഒരു വേദിയായി ലോക കേരള സഭ തുടരേണ്ടതുണ്ട്.

നാലാം സഭയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഉയർന്നുവന്ന പ്രധാന ചർച്ചാ വിഷയങ്ങളും പ്രവാസികളെയും നാടിനെയും അടിസ്ഥാനപ്പെടുത്തിയുള്ള വിഷയങ്ങൾ പരിശോധിച്ച് 8 വിഷയ മേഖലകൾ അടിസ്ഥാനപ്പെടുത്തിയും നിലവിലുള്ള ഏഴു ഭൂപ്രദേശാടിസ്ഥാനത്തിൽ ഉള്ള ചർച്ചകളും സംഘടിപ്പിക്കും.

**വിഷയ മേഖലകൾ**

**1. എമിഗ്രേഷൻ കരട് ബിൽ 2021**

ഒന്നാം നരേന്ദ്ര മോഡി സർക്കാർ 2019ലെ തിരെഞ്ഞെടുപ്പിനോട് അനുബന്ധിച്ച് എമിഗ്രേഷൻ നിയമം 2019ൻറെ ആദ്യ കരടു പാർലമെന്റിന്റെ അവസാന സെഷനിൽ അവതരിപ്പിച്ചു. കരടു നിയമം പൊതുജനങ്ങൾക്ക് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ നൽകുക വഴി ജനകീയമായ ഒരു നയരൂപീകരണ പ്രക്രിയ എല്ലാവരും മുന്നിൽ കണ്ടു. തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട ഭരണസംവിധാനത്തിൻറെ സമൂലമായ മാറ്റമാണ് 2019ലെ കരടു നിയമം വഴി ലക്ഷ്യമിട്ടത്. നിരവധി വിമർശനങ്ങൾക്ക് വിധേയമായ എമിഗ്രേഷൻ ക്ലിയറൻസ് തരംതിരിവുകളും പ്രോട്ടക്ടർ ഓ ഫ് എമിഗ്രെന്റ്സ് എന്ന സംവിധാനവുമൊക്കെ ഒഴിവാക്കി മൈഗ്രേഷൻ ബ്യൂറോകൾ പോലെയുള്ള വിപുലമായ ഭരണ സംവിധാനങ്ങൾ കരടു നിയമത്തിൽ ഉൾപ്പെട്ടു. കൂടാതെ സംസ്ഥാനങ്ങളെ പ്രവാസി ഭരണത്തിൽ ഉൾക്കൊള്ളിക്കുന്നതിനായുള്ള കോ-ഓ ർഡിനേഷൻ കമ്മിറ്റികൾ വളരെ വിപ്ലവകരമായ തീരുമാനമായിരുന്നു. കരട് നിയമത്തെ മെച്ചപ്പെടുത്താനുള്ള നിരവധി നിർദ്ദേശങ്ങൾ നാനഭാഗത്ത് നിന്നും സർക്കാരിൽ സമർപ്പിച്ചു. എല്ലാവരുടെയും കണക്കുകൂട്ടൽ അടുത്ത സർക്കാർ നിർദേശങ്ങൾ പരിഗണിച്ചു അന്തിമ നിയമ നിർമ്മനതിലേക്ക് കടക്കും എന്നതായിരുന്നു. രണ്ടാം മോഡി സർക്കാർ അധികാരത്തിലെത്തിയപ്പോൾ അവർ തുടർന്ന് വന്ന ശ്രമം എന്ന നിലയിൽ നിയമ നിർമ്മാണം വേഗം സാധ്യമാകും എന്ന് കരുതി.

എന്നാൽ നീണ്ട രണ്ടു വർഷത്തെ കാത്തിരിപ്പിന് ശേഷം 2021ൽ കുടിയേറ്റ നിയമം 2021 എന്ന പേരിൽ പുതിയൊരു കരടു നിയമം പഴയപോലെ വിദേശകാര്യ വെബ്സൈറ്റിൽ നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രത്യക്ഷപ്പെട്ടു. പഴയ കരടിൽ നിന്ന് പ്രത്യക്ഷമായ നിരവധി മാറ്റങ്ങൾ പുതിയ രേഖയിൽ ഉണ്ടായിരുന്നു. ആദ്യ കരടിൽ പ്രവാസി എന്ന നിർവചനത്തിന്റെ പരിധിയിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിരുന്നു. അവരുടെ റിക്രൂട്ട്മെന്റ് ഉൾപ്പെടെ സുതാര്യമാക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും പുതിയ രേഖയിൽ നിന്ന് അപ്രത്യക്ഷമായി. കോവിഡ് കാലത്ത് പ്രവാസികളുടെ വലിയതോതിലുള്ള

തിരിച്ചുവരവ് ഉണ്ടായിട്ടു പോലും പുതിയ രേഖയിലും പുനരധിവാസം സംസ്ഥാനങ്ങളുടെ മാത്രം ഉത്തരവാദിത്വമായി നിലകൊണ്ടു. പ്രവാസി പുനരധിവാസത്തിന് യാതൊരു സാമ്പത്തിക സഹായവും കേന്ദ്രം നൽകില്ല എന്നതും പ്രത്യക്ഷമായി പറഞ്ഞു.

കൂടാതെ വരുംകാല കുടിയേറ്റത്തിൽ പ്രവാസികൾ നേരിടാൻ സാധ്യതയുള്ള വെല്ലുവിളികളെ നിയമം പൂർണ്ണതോതിൽ ഉൾക്കൊണ്ടിട്ടില്ല. സ്ത്രീ കുടിയേറ്റം, കെയർ വർക്ക്, ഗാർഹിക തൊഴിൽ തുടങ്ങിയ തൊഴിൽ മേഖലകൾ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മികച്ച രീതിയിൽ തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്ന സർക്കാർ തല റിക്രൂട്ട്മെന്റ് ഏജൻസികളെ നിയമത്തിൽ പരിഗണിച്ചിട്ടില്ല. കോൺസുലാർ സേവനങ്ങൾ മെച്ചപ്പെടുത്താൻ വെൽഫെയർ കമ്മിറ്റികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കരട് നിയമത്തിൽ നിർദേശിക്കുന്നുണ്ടെങ്കിലും അവയൊന്നും "മാൻഡേറ്ററി' ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെയാണ് പരാതി പരിഹാര മാർഗ്ഗങ്ങളുടെയും അവസ്ഥ.

വെൽഫെയർ കമ്മിറ്റികൾ പ്രവാസികൾക്ക് നിയമ സേവനങ്ങൾ നൽകും എന്നു മാത്രം പ്രതിപാദിക്കുന്നു. പകരം, അർഹരായവർക്ക് സൗജന്യ നിയമസേവനങ്ങളും വിദേശ രാജ്യത്തെ നിയമ സംവിധാനങ്ങൾ വഴി നീതിയും ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ പഴയ വീഞ്ഞിനെ പുതിയ കുപ്പിയിൽ നൽകിയതാണ് 2021ലെ കരട് കുടിയേറ്റ നിയമം. എന്നിരുന്നാലും ബ്രിട്ടീഷ് നിയമങ്ങളുടെ പിടിയിൽ നിന്ന് രക്ഷപെട്ടു എന്ന ആശ്വാസത്തിൽ പ്രവാസികളും അഭ്യുദയകാംക്ഷികളും വർധിച്ച ആവേശത്തോടെ തങ്ങളുടെ നിർദേശങ്ങൾ സർക്കാരിനു സമർപ്പിച്ചു. എന്നാൽ കാത്തിരിപ്പ് തുടരുകയാണ്. ഈ പശ്ചാത്തലത്തിൽ ലോക കേരള സഭാ വേദിയിൽ കരട് ബിൽ ചർച്ച ചെയ്യുന്നത് ഉചിതമാണ്. ബില്ലിനെ മികച്ചതാക്കാൻ നിർദേശങ്ങൾ നൽകുന്നതിനോടൊപ്പം എത്രയും വേഗം ജനങ്ങളുടെ നിർദേശങ്ങൾ ഉൾക്കൊണ്ട് പാർലമെന്റിൽ അവതരിപ്പിക്കാൻ സമ്മർദം ചെലുത്തേണ്ടതുമുണ്ട്.

## 2. വിദേശ റിക്രൂട്ട്മെൻറ് പ്രോഗ്രാമുകൾ

സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നതിൽ സുപ്രധാനമാണ് നിയമപരവും ചെലവ് കുറഞ്ഞതുമായ തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തിയുള്ള റിക്രൂട്ട്മെൻറ് കരാറുകൾ പ്രോത്സാഹിപ്പിക്കുക എന്നത്. അതിൽ സർക്കാർ-സ്വകാര്യ മേഖലകളിൽ കൃത്യമായ മോണിട്ടറിംഗ് ആവശ്യമാണ്. സർക്കാർ മേഖലയിൽ സജീവമായി രണ്ടു റിക്രൂട്ട്മെൻറ് ഏജൻസികൾ പ്രവർത്തിക്കുന്നത് കേരളത്തിലാണ്. പക്ഷേ, നിലവിൽ ആരോഗ്യ രംഗത്താണ് കൂടുതലായും കരാറുകളിൽ ഏർപ്പെടുന്നത്. വരും നാളുകളിൽ മലയാളികൾ കുടിയേറുന്ന മിക്ക വിദേശ രാജ്യങ്ങളും കുറഞ്ഞ കാലത്തേക്കുള്ള താൽക്കാലിക കരാറുകളെ അടിസ്ഥാനമാക്കിയുള്ള കുടിയേറ്റമാണ് പ്രോത്സാഹിപ്പിക്കുക.

കുടിയേറ്റം സംബന്ധിച്ച വിപുലമായ ഒരു ഇക്കോസിസ്റ്റം തന്നെ നമുക്കു രൂപീകരിക്കാൻ കഴിയേണ്ടതുണ്ട്. സാമ്പ്രദായികമായ റിക്രൂട്ട്മെന്റ് രീതികൾ മാറ്റി തൊഴിൽദാതാവിനു കേരളത്തിൽ എത്തി നൈപുണ്യ പരിശീലനം നൽകി തൊഴിലാളികളെ തിരഞ്ഞെടുക്കാനുള്ള സംവിധാനങ്ങൾ കൂടി രൂപീകരിക്കേണ്ടതുണ്ട്. അതിനായി ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ പാർക്ക് പോലെ സമഗ്രമായ കുടിയേറ്റ സേവനങ്ങൾ

ലഭ്യമാക്കുന്ന ഒരു സംവിധാനം രൂപീകരിക്കുന്നത് ഉചിതമാണ്. ഇത്തരത്തിൽ കൂടുതൽ മേഖലകളിലേക്ക് സുരക്ഷിതമായ റിക്രൂട്ട്മെൻറ് പ്രോഗ്രാമുകൾ എങ്ങനെ നടപ്പാക്കാം എന്നത് സഭയിൽ ചർച്ച ചെയ്യേണ്ടതുണ്ട്.

**3. സുസ്ഥിര പുനരധിവാസം –നൂതന ആശയങ്ങൾ**

പുനരധിവാസം (Reintegration) എന്നാൽ, മടങ്ങി വരുന്നവരെ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിക്കുകയും, അതിൽ നിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ഭാവികാലം സുരക്ഷിതമാക്കാൻ അവസരമൊരുക്കുകയെന്നതുമാണ് പരമ്പരാഗത കാഴ്ച്ചപ്പാട്. പുനരധിവാസം കേവലം സാമ്പത്തിക സഹായമായി ഒതുങ്ങുന്നു എന്ന പരാതിയും നിലനിൽക്കുന്നു.

എന്നാൽ, വിദേശനാട്ടുകളിലെ ദീർഘകാലത്തെ ജീവിതത്തിൽ നിന്നും പകർന്നുകിട്ടിയ അനുഭവങ്ങളുമായി മടങ്ങിവരുന്നവരെ സംബന്ധിച്ച് സമൂഹവുമായി പെട്ടെന്ന് ഇഴുകിച്ചേരുന്നതിനും സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും പ്രയാസം നേരിടുന്നുണ്ട്. പൊരുത്തപ്പെട്ടു വരുമ്പോഴേക്കും കയ്യിലുണ്ടായിരുന്ന സേവിങ്ങ്സ് ഒക്കെ ഇല്ലാതാകുന്ന സ്ഥിതിയുണ്ട്. ഇക്കാരണങ്ങൾ കൊണ്ടു തന്നെ ഒറ്റപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്ക് തള്ളി മാറ്റപ്പെടുന്നവരും അനവധിയാണ്. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുന്നതിന് അവരെ മുന്നേകൂട്ടി പ്രാപ്തരാക്കുകയെന്നത് അതിപ്രധാനവും പ്രാഥമിക കർത്തവ്യമായിരിക്കേണ്ടതുമാണ്.

അതിനായി, വിദേശത്ത് തൊഴിലെടുക്കുമ്പോൾ തന്നെ പുനരധിവാസത്തിന് പരുവപ്പെടുത്തൽ (Reintegration Preparedness) എന്ന പ്രക്രിയക്ക് തുടക്കം കുറിക്കുകയും, തിരിച്ചു വരവ് ഫലപ്രദമാക്കിത്തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും വേണം. ഫിലിപ്പൈൻസ്, കൊറിയ തുടങ്ങിയ രാജ്യങ്ങൾ ഇത്തരം മാതൃകാ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നുണ്ട്. കൂടാതെ ആഭ്യന്തര തൊഴിൽ മേഖലകളിൽ തൊഴിലും സംരംഭകത്വ വികസനത്തിനായുള്ള അവസരങ്ങളും സൃഷ്ടിക്കേണ്ടതുണ്ട്. തിരികെയെത്തിയവർക്ക് താല്പര്യമുള്ള തൊഴിൽ തെരഞ്ഞെടുക്കുന്നതിനും, സംരംഭം ആരംഭിക്കുന്നതിനുമുള്ള സുസ്ഥിര പദ്ധതികളെ പറ്റിയും സമഗ്ര പ്രവാസി പുനസംയോജന നയത്തെ പറ്റിയും സഭയിൽ ചർച്ച ചെയ്യേണ്ടതുണ്ട്.

**4. കുടിയേറ്റത്തിലെ ദുർബലകണ്ണികളും സുരക്ഷയും**

പ്രവാസം എന്നത് നിരവധി മലയാളികൾക്ക് ഇന്നും വളരെ പ്രയാസമേറിയതാണ്. സ്ത്രീകൾ, അവിദഗ്ദ തൊഴിലുകളിൽ ഏർപ്പെടുന്നവർ, നിയമപരമല്ലാത്ത മാർഗ്ഗങ്ങളിലൂടെ കുടിയേറി അനധികൃതമായി തൊഴിലെടുക്കുന്നവർ, വിദ്യാർഥികൾ, വീട്ടുതൊഴിലാളികൾ തുടങ്ങി നിരവധിപ്പേർ സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളും അവകാശ ലംഘനങ്ങളും നേരിടുന്നുണ്ട്.

ഇത്തരം അവകാശ ലംഘനങ്ങൾ വിദേശ രാജ്യങ്ങളിൽ മാത്രമല്ല കുടിയേറ്റത്തിന്റെ ആദ്യഘട്ടങ്ങളിൽ സ്വദേശത്തും അനുഭവപ്പെടാറുണ്ട്. പലപ്പോഴും ഉയർന്ന തുക നൽകിയാണ് തൊഴിലെടുക്കാനും വിദ്യാഭ്യാസത്തിനുമായി ചിലർ പുറം രാജ്യങ്ങളിലേക്ക് പോകുന്നത്. വിദേശത്ത് ലഭിക്കുന്ന തൊഴിലിനെപ്പറ്റിയുള്ള കൃത്യമായ വിവരങ്ങളുടെ അഭാവവും അനധികൃത ഇടനിലക്കാരുടെ ഇടപെടലുകളും ഇത്തരക്കാരുടെ പ്രവാസി ജീവിതം ദുസ്സഹമാക്കുന്നു.

കേരളത്തിൽ നിന്നുള്ള സ്ത്രീ കുടിയേറ്റം പടിപടിയായി വർദ്ധിച്ചു വരുന്നതായി കാണാം. മികച്ച തൊഴിൽ അവസരങ്ങൾ ആരോഗ്യ മേഖലയിലും ഇതര സേവന മേഖലകളിലും ലഭ്യമായതും സുരക്ഷിതവും നിയമപരവുമായ കുടിയേറ്റ ഇടനാഴികൾ രൂപപ്പെട്ടതുമാണ് ഇതിൻറെ പ്രധാന കാരണം. എന്നിരുന്നാലും കുടിയേറുന്ന സ്ത്രീകളും, വിദേശ രാജ്യങ്ങളിൽ എത്തിയ ശേഷം തൊഴിൽ തേടുന്നവരും ഏജന്റ് നൽകുന്ന തെറ്റായ വിവരങ്ങൾ വിശ്വസിച്ച് കുടിയേറുന്നവരും നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വരുന്നു.

ഇത്തരത്തിൽ ചൂഷണത്തിനു വിധേയരാകുന്ന വലിയൊരു വിഭാഗം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുവാൻ വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളാണ്. പല വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളും തെറ്റായതും അപൂർണവുമായ വിവരങ്ങൾ കൈമാറിയും, വ്യാജ യൂണിവേഴ്സിറ്റികളെ ഉപയോഗിച്ചുകൊണ്ടും വിദ്യാർത്ഥികളിൽ നിന്നും ഭീമമായ തുക ഈടാക്കി അംഗീകാരം പോലും ഇല്ലാത്ത കോഴ്സുകൾ പഠിക്കുവാൻ വിദേശത്തേക്ക് അയക്കുന്നുണ്ട്. ഇവർക്ക് പഠന ശേഷം പ്രതീക്ഷിക്കുന്ന തൊഴിൽ ലഭിക്കാതെ വരുകയും സാമ്പത്തിക ബാധ്യതൽ വീട്ടാൻ കഴിയാതെ വരുകയും ചെയ്യുന്നു.

സന്ദർശക വിസ ഉപയോഗപ്പെടുത്തി തൊഴിലന്വേഷിച്ച് യാത്ര ചെയ്യുന്ന നിരവധിപ്പേർ ഇന്നും വിദേശ രാജ്യങ്ങളിൽ അനധികൃതമായി താമസിച്ച് തൊഴിൽ തേടുന്നുണ്ട്. ഇത്തരക്കാർക്ക് യാതൊരു സാമൂഹികപരിരക്ഷയോ മാന്യമായ വേതനമോ ലഭിക്കാറില്ല. ഇവരെപ്പറ്റിയുള്ള വിവരങ്ങൾ സർക്കാരിന്റെ കയ്യിൽ ഇല്ല.

ചൂഷണത്തിന് വിധേയരകുന്നതും വിധേയരാകാൻ സാധ്യതയുള്ളതുമായ വിഭാഗങ്ങൾക്ക് കുടിയേറ്റത്തിന്റെ എല്ലാ തലത്തിലും അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രവാസികളുടെ അനുഭവങ്ങളിൽ നിന്നുകൊണ്ട് എങ്ങനെ പ്രവാസത്തിലെ ദുർബല കണ്ണികൾക്ക് സുരക്ഷിത കുടിയേറ്റം നമുക്ക് ഉറപ്പുവരുത്താം എന്നത് സഭ ചർച്ച ചെയ്യേണ്ടതുണ്ട്.

## 5. നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ

ആഗോള തലത്തിൽ ലഭ്യമാകുന്ന തൊഴിലുകളുടെ സ്വഭാവത്തിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. കൂടാതെ ലഭ്യമായ തൊഴിലവസരങ്ങളിലും കുറവ് വന്നിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ അകംകേരളത്തിനും പുറംകേരളത്തിനും സഹായകമായ രീതിയിൽ ഭാവി തൊഴിലിനെ നിർവചിക്കുകയും അതിനാവശ്യമായ നിലമൊരുക്കുകയും വേണം.

നിലവിൽ സാങ്കേതികവിദ്യയുടെ വികാസം ഉൾക്കൊണ്ടു കേരള സർക്കാർ നൈപുണ്യ വികസന പരിപാടികളും പാഠ്യപദ്ധതി ഭേദഗതികളും നടപ്പിലാക്കി വരുന്നു. നോളേജ് ഇക്കോണമി മിഷൻ, അസ്സാപ് തുടങ്ങിയ സംവിധാനങ്ങൾ വഴിയും നൈപുണ്യ വികസന പരിപാടികളും കൂടാതെ റിമോട്ട് വർക്ക് അടക്കമുള്ളവയും നടപ്പിലാക്കി വരുന്നു.

എന്നിരുന്നാലും ദേശീയ-അന്തർദേശീയ തൊഴിൽ കമ്പോളത്തിൽ മാറിമാറി വരുന്ന തൊഴിൽ-നൈപുണി ആവശ്യങ്ങൾക്കനുസൃതമായി കേരളത്തിൽ വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കും വിപുലമായ തൊഴിൽ പരിശീലനം നൽകേണ്ടതുണ്ട്. ഈ പരിശ്രമങ്ങളിൽ പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ഥാപനങ്ങളുടെയും മറ്റും

ഉന്നതതലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക്, എന്തു പങ്കുവഹിക്കാൻ കഴിയും? പ്രവാസികൾക്ക് തങ്ങൾ ബന്ധപ്പെടുന്ന സ്ഥാപനങ്ങളുടെ സമീപഭാവിയിലെ നൈപുണി ആവശ്യങ്ങൾ മാപ്പ് ചെയ്യാൻ കഴിയും. ഇതിനായുള്ള എന്തു പ്രത്യേക സംവിധാനങ്ങളാണു വേണ്ടത് എന്ന ചർച്ച ഉണ്ടാകണം.

## 6. കേരള വികസനം – നവ മാതൃകകൾ

നവകേരളം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടോടെയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. കാർഷിക-വ്യവസായ മേഖലയെ ശക്തിപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ക്ഷേമ പദ്ധതികളെ ശക്തിപ്പെടുത്തുക, പശ്ചാത്തല സൗകര്യം മുന്നോട്ടു കൊണ്ടുപോവുക തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. അതോടൊപ്പം മതനിരപേക്ഷതയിലൂന്നിയ സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും കഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്താൻ ലോക കേരള സഭയ്ക്ക് സാധിക്കും.

## 7. വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസവും

പ്രവാസികൾ ഏറ്റവും കൂടുതൽ നേരിടുന്ന ഒരു വെല്ലുവിളി വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിലും കുടിയേറ്റ നിയമങ്ങളിലും ഉള്ള അവ്യക്തതയാണ്. തൊഴിൽ തേടി എത്തിയാൽ പലപ്പോഴും ഇമിഗ്രേഷൻ കൗണ്ടർ മുതൽ തുടങ്ങുന്ന നൂലാമാലകൾ തിരികെ എക്സിറ്റ് സ്റ്റാമ്പ് അടിക്കുന്നതുവരെ തുടരും. ഭാഷാപരിമിതിയാണ് പ്രധാന കടമ്പ. കൂടാതെ നിയമങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവവും പ്രവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കാറുണ്ട്.

ഇത് ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ മാത്രം നേരിടുന്ന വെല്ലുവിളിയല്ല. പാശ്ചാത്യ രാജ്യങ്ങളിലേക്ക് വിസ നിയമങ്ങളോ തൊഴിൽ നിയമങ്ങളോ അറിയാതെ എത്തുന്നവർ നിരവധിയാണ്. മറ്റൊരു പ്രശ്നം കുടിയേറ്റത്തെ സംബന്ധിച്ച നിയമങ്ങളിൽ അടിക്കടി ഉണ്ടാകുന്ന മാറ്റങ്ങളാണ്. അവയിൽ മിക്കതും പ്രവാസികൾക്ക് തിരിച്ചടിയാകുന്നവയാണ്. സ്വദേശിവൽക്കരണവും ഉയർന്ന നികുതികളും കർശന നിയന്ത്രണങ്ങളും ഗൾഫ് രാജ്യങ്ങളിലും പാശ്ചാത്യ രാജ്യങ്ങളിലും സർവ്വസാധാരണമാണ്.

ഇത്തരം നിയമങ്ങളും നിയമഭേദഗതികളും പ്രവാസികൾ പലപ്പോഴും മനസിലാക്കാറുമില്ല. കൂടാതെ പ്രവാസികളുടെ നിത്യജീവിതത്തെ സംബന്ധിക്കുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളും സഭ ചർച്ചയ്ക്ക് വിധേയമാക്കുകയും ഇത്തരം വിഷയങ്ങൾ നിരന്തരമായി ഡോക്കുമെന്റ് ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

## 8. വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനവും പ്രവാസികളും

വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള വികസന നയങ്ങൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കു മെച്ചപ്പെട്ടൊരു ജീവിതം ഉറപ്പാക്കി. ഉയർന്ന കൂലി, ഭൂപരിഷ്കരണം, സാർവ്വത്രികമായ വിദ്യാഭ്യാസ-ആരോഗ്യ

സാമൂഹ്യക്ഷേമ സൗകര്യങ്ങൾ എന്നിവയാണ് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തിയത്. ഈ നേട്ടങ്ങൾ അഭ്യസ്തവിദ്യരും ഉയർന്ന പ്രതീക്ഷകയുമുള്ള ഒരു പുതിയതലമുറയെ സൃഷ്ടിച്ചിരിക്കുന്നു. ഇവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഉയർന്ന വരുമാനം നൽകുന്ന തൊഴിലുകൾ എങ്ങനെ കേരളത്തിൽ സൃഷ്ടിക്കാം എന്നതാണ് ഇന്നത്തെ വെല്ലുവിളി. ഇതിനു കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന തന്ത്രത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, കേരളത്തിന്റെ പശ്ചാത്തലസൗകര്യ പിന്നോക്കാവസ്ഥ മറികടക്കണം. രണ്ട്, കേരളത്തെ ഒരു വിജ്ഞാനസമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തണം.

പ്രവാസലോകത്ത് വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന കേരളീയർക്ക് വിജ്ഞാന സമൂഹ നിർമ്മിതിയിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. പ്രവാസികളുടെ അനുഭവവും നൈപുണിയും പ്രവൃത്തി പരിചയവും കേരളത്തിന്റെ വികസനത്തിനും വിജ്ഞാന സമ്പദ്ഘടനയ്ക്കും പ്രവാസികുടുംബങ്ങളുടെ മെച്ചപ്പെട്ട തുടർജീവിതത്തിനും സഹായകരമാകും.

അതിൽ സുപ്രധാനമായത് ഉന്നത വിദ്യാഭ്യാസ മേഖലയക്ക് നൽകാൻ കഴിയുന്ന പിന്തുണയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ അഴിച്ചുപണിക്കും ഗുണനിലവാരം ഉയർത്തുന്നതിനും പ്രവാസികൾക്ക് എന്തു പങ്കുവഹിക്കാൻ കഴിയും? കേരളത്തിനു പുറത്തുള്ള അധ്യാപകർക്കും ഗവേഷകർക്കും വിദഗ്ദർക്കും ഇവിടുത്തെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഏതെല്ലാം രീതിയിൽ പിന്തുണ നൽകാൻ കഴിയും? ഇതെല്ലാം പരിശോധിക്കണം.

കൂടാതെ കേരളത്തിലെ നവസംരംഭകർക്കു പിന്തുണ നൽകുന്നതിനു പ്രവാസി സംരംഭകർക്കും വിദഗ്ദർക്കും വലിയ പങ്കുവഹിക്കാൻ കഴിയും. ആഗോള കമ്പോളത്തിൽ നിന്നുള്ള സബ് കോൺട്രാക്ടുകളെ അടിസ്ഥാനമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ വലുതാണ്. ഇക്കാര്യത്തിൽ പ്രവാസികൾക്ക് എന്തു സംഭാവന ചെയ്യാൻ കഴിയും എന്നത് ചർച്ചയ്ക്ക് വിധേയമാക്കണം. പ്രവാസജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവരെ കെയർ ഇക്കോണമിയുടെ ഭാഗമാക്കാൻ സാധിക്കും. ആരോഗ്യ-വീട്ടു പരിപാലന രംഗത്ത് ദീർഘകാലം പ്രവർത്തിച്ചവരെ, കുഞ്ഞുങ്ങളുടെയും രോഗികളുടെയും മുതിർന്ന വ്യക്തികളുടെയും പരിചരണം ആവശ്യമുള്ളവരുടെയും പരിപാലനത്തിന് നിയോഗിക്കുന്നത് അടക്കമുള്ള ചർച്ചകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

**ഭൂപ്രദേശ അടിസ്ഥാനത്തിലും തിരികെയെത്തിയ പ്രവാസികളേയും സംബന്ധിച്ച വിഷയങ്ങൾ**

മേഖലാ അടിസ്ഥാനത്തിലുള്ള ചർച്ചകളിൽ പ്രധാനമായും ശ്രദ്ധചെലുത്തേണ്ടത് അതത് മേഖലകളിലെ മലയാളി പ്രവാസികളെ സംബന്ധിച്ച വിഷയങ്ങളാണ്. കുടിയേറ്റത്തിൽ നേരിടുന്ന പ്രതിസന്ധികൾ, തൊഴിൽ അവസരങ്ങൾ, അകം കേരളവുമായുള്ള സഹകരണ സാധ്യതകൾ എന്നിവയിൽ ഊ ന്നിയുള്ള ചർച്ചകൾ ഉയർന്നുവരണം.

ഭൂപ്രദേശ അധിഷ്ഠിത ചർച്ചകളിൽ സുപ്രധാനമായത് ഇന്ത്യക്ക് അകത്ത് ഇതര രാജ്യങ്ങളിൽ ഉള്ള പ്രവാസികളെ അധികരിക്കുന്ന വിഷയങ്ങളാണ്. കാലാകാലങ്ങളായി അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ കഴിയുന്നില്ല എന്ന ആരോപണം ഉണ്ട്. ഡോമിസൈൽ പദവികൾ സംബന്ധിയയ വിഷയങ്ങൾ, യാത്രക്ലേശം, സ്ഥാവര-ജംഗമ വസ്തുക്കളുടെ ഉടമസ്ഥത-അവകാശം

സംബന്ധിച്ച പ്രശ്നങ്ങൾ തുടങ്ങി നിരവധി ആവശ്യങ്ങൾ അകം കേരളം അനുഭാവപൂർവ്വം പരിഗണിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. അതേപ്രാധാന്യത്തോടെ തിരികെയെത്തിയ പ്രവാസികൾ നേരിടുന്ന വെല്ലുവിളികളും റിമൈഗ്രേഷൻ സാധ്യകൾ ഉൾപ്പെടെയുള്ളയും ചർച്ചയ്ക്ക് വിധേയമാക്കാൻ സഭയ്ക്ക് സാധിക്കണം.

കഴിഞ്ഞ സഭകളിൽ നിന്നു വ്യതസ്തമായി സർക്കാരിലേക്ക് സമർപ്പിക്കേണ്ട നിർദേശങ്ങളും പരാതികളും മറ്റും സമർപ്പിക്കാൻ കൃത്യമായ ഫോർമാറ്റിൽ ഉള്ള ഫോമുകൾ സഭയ്ക്ക് മുന്നേ തന്നെ ഓ ൺലൈനായി സമർപ്പിക്കുവുന്നതാണ്. അത് ചർച്ചകൾ ക്രീയത്മകമാക്കുന്നതിനു സഹായിക്കും.

വിശ്വകേരള സാഹോദര്യത്തിന്റെ പ്രാധാന്യം ഏറെ വർധിച്ചിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ലോകരാഷ്ട്രീയത്തിലും ശക്തി ബലാബലങ്ങളിലും ആഗോള സമ്പദ്വ്യവസ്ഥയിലുമെല്ലാം വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാമാറ്റവും, പ്രകൃതിദുരന്തങ്ങളും, മഹാവ്യാധിയും, യുദ്ധവും, സാമ്പത്തിക പ്രതിസന്ധിയും ലോകവ്യവസ്ഥയുടെ അലയും പിടിയും മാറ്റുന്ന നാടകീയ രംഗങ്ങൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്.

ജീവിതത്തെ അടിമുടി മാറ്റിയിരിക്കുന്നു സാഹചര്യത്തെ നേരിടാൻ ലോകകേരളം ഒറ്റകെട്ടായി നിൽക്കേണ്ടതുണ്ട് എന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. വിശ്വകേരള സംസ്കാരത്തിന്റെ സർവ്വതോൻമുഖമായ ഉത്്കർഷത്തിനു അകത്തുംപുറത്തുമുള്ള മുഴുവൻ കേരളീയരുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഈ ലക്ഷ്യം നേടാൻ കേരളസർക്കാരിന് പ്രഥമ ഉത്തരവാദിത്വമുണ്ട്. പക്ഷെ, അതിനെ കേവലം കേരളം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമായി ചുരുക്കി കാണാൻ കാണാൻ സാധിക്കില്ല. സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ, സർവ്വകലാശാലകൾ, സമുദായ സംഘടനകൾ, മാധ്യമങ്ങൾ, സംസ്ഥാനത്തിന്റെ അകത്തും പുറത്തുമുള്ള കേരളീയരുടെ സംഘടനകൾ എന്നിവയ്ക്കെല്ലാം ഇക്കാര്യത്തിൽ വലിയ സംഭാവന ചെയ്യാനുണ്ട്.

ലോകകേരള സഭയിൽ പുറം കേരളത്തെ പ്രതിനിധീകരിക്കുന്നവർ ഉയർത്തുന്നത് അവരുടെ പ്രശ്നങ്ങൾ മാത്രമല്ല. കേരളത്തിന്റെ പൊതുവായ വികസനത്തിന്റെയും നന്മയുടെയും കാര്യത്തിൽ പ്രവാസികൾക്ക് ഉത്കണ്ഠയുണ്ട്; ഒരുപാട് കാര്യങ്ങൾ പറയാനുമുണ്ട്. കേരള വികസനത്തിന്റെ കാര്യത്തിൽ പ്രവാസി പ്രതിനിധികൾ പറയുന്ന കാര്യങ്ങൾ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ലോക കേരള സഭയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് തീർച്ചയായും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ അന്വേഷിക്കുകയുമാണ്.

മുൻപ് നടന്ന ലോക കേരള സഭയുടെ സമ്മേളനങ്ങളിലും മേഖലാ സമ്മേളനങ്ങളിലും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ കേരളത്തിൽ അകത്തുള്ളവർ മാത്രം ചർച്ച ചെയ്താൽ മതിയോ? പോരാ എന്ന സമീപനമാണ് ലോക കേരള സഭ രൂപീകരിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. പ്രവാസത്തിന് മുൻപും പ്രവാസത്തിലും പ്രവാസത്തിന് ശേഷവും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാരിന് പരിമിതമായ അധികാരം മാത്രമേ ഉള്ളു.

പ്രവാസം സംബന്ധിച്ച കാര്യങ്ങൾ നിയന്ത്രിക്കുന്ന എമിഗ്രേഷൻ നിയമം കേന്ദ്ര നിയമമാണ്. വിദേശ രാജ്യങ്ങളിൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ആതിഥേയ സർക്കാരുകളുടെ മുന്നിലും അന്തർദേശീയ

വേദികളിലും ഉന്നയിക്കാനുള്ള ഉത്തരവാദിത്വവും അധികാരവും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാനത്തിന് അധികാരം ഇല്ല എന്നത് കൊണ്ട് കേരളത്തിന് ശബ്ദിക്കാൻ അവകാശമില്ല എന്നർത്ഥമില്ല. പ്രവാസികളുടെ കാര്യത്തിൽ പലപ്പോഴും അവരുടെ സ്വന്തം രാജ്യവും ആതിഥേയ രാജ്യങ്ങളും അന്താരാഷ്ട്ര സ്ഥാപനങ്ങളും തികഞ്ഞ നിശബ്ദത പുലർത്തുന്നു എന്ന വലിയ ആക്ഷേപമുണ്ട്. അതുകൊണ്ട് തന്നെ ലോക കേരള സഭ പോലെയുള്ള വേദികൾക്ക് വലിയ പ്രാധാന്യമുണ്ട്. ലോക കേരള സഭയിലെ ചർച്ചകളും തീരുമാനങ്ങളും കേന്ദ്ര സർക്കാരിന്റെയും ഇതര ഏജൻസികളുടെയും നിസംഗത നീക്കാൻ സഹായിക്കും എന്ന ഉത്തമ വിശ്വാസമാണ് സംസ്ഥാന സർക്കാരിനെ നയിക്കുന്നത്.

**************************************

ലോക കേരള സഭ

കേരള സർക്കാർ